ബാല
കുസുമം
മാസിക

പുസ്തകം 12
ലക്കം 11
2025 നവംബർ

# ആകാശത്തീവണ്ടി

**ഏ**റ്റവും മനോഹരമായ പ്രകൃതിദൃശ്യങ്ങൾ സമ്മാനിക്കുന്ന യാത്ര ഏതാണ്? സംശയമില്ല; തീവണ്ടിയാത്രകൾ തന്നെ! അവിശ്വസനീയമായൊരു തീവണ്ടിപ്പെരുമയുണ്ട് ടിബറ്റ് ടാങ്ഗുല പർവതനിരകളിൽ. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ സ്റ്റേഷനായ ടാങ്ഗുല റെയിൽവേ സ്റ്റേഷൻ ഇവിടെയാണുള്ളത്.

സമുദ്രനിരപ്പിൽ നിന്ന് 5,068 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഒരു എഞ്ചിനീയറിംഗ് വിസ്മയം. 1,956 കിലോമീറ്ററിലധികം ദൈർഘ്യമുള്ള ക്വിങ്ഹായ് - ടിബറ്റ് റെയിൽവേയുടെ ഭാഗമാണ് ടാങ്ഗുല സ്റ്റേഷൻ. ഓക്സിജൻ ക്ഷാമം, തണുത്തുറഞ്ഞ താപനില തുടങ്ങിയ തടസ്സങ്ങളെ മറികടന്ന് 2006 ലാണ് ഈ റെയിൽവേസ്റ്റേഷൻ തുറന്നത്.

ഈ റെയിൽവേ സ്റ്റേഷന് ജീവനക്കാരില്ലാത്ത സ്റ്റേഷൻ എന്നൊരു പ്രത്യേകത കൂടിയുണ്ട്; യാത്രാസേവനമില്ലാത്ത ഒരു സാങ്കേതിക സ്റ്റോപ്പ് മാത്രമാണിത് എന്നതു തന്നെ കാരണം. എങ്കിലും തീവണ്ടിയുടെ അകത്തിരുന്നുകൊണ്ട് ടാങ്ഗുല മലനിരകളുടെയും മനോഹരമായ പീഠഭൂമിയുടെയും സൗന്ദര്യം യാത്രികർക്ക് ആസ്വദിക്കാനാവും.



# മാലിന്യം ചുമക്കരുതേ

ഗുരുവും ശിഷ്യരും ഒരു ഗ്രാമത്തിലൂടെ നടന്നു പോവുകയായിരുന്നു. വഴിമധ്യേ ഒരാൾ വന്നു ഗുരുവിനെ ചീത്തപറയാൻ തുടങ്ങി. കേട്ടാൽ അറപ്പ് തോന്നുന്ന പല വാക്കുകളും അയാൾ ഗുരുവിനു നേരെ തുപ്പുന്നുണ്ടായിരുന്നു. പക്ഷേ, ഗുരു ഒന്നും പ്രതികരിക്കാതെ മുന്നോട്ട് നടന്നു. ഗുരു ഒന്നും മിണ്ടാത്തത് കൊണ്ട് ശിഷ്യന്മാരും അയാളെ ഒന്നും പറയുകയോ എതിർക്കുകയോ ചെയ്തില്ല. അയാൾ അവരെ പിന്തുടർന്ന് ചീത്ത പറഞ്ഞു മടുത്തപ്പോൾ പിന്തിരിഞ്ഞു പോയി.

കുറെയങ്ങ് ചെന്നപ്പോൾ ശിഷ്യന്മാരിൽ ഒരാൾ ചോദിച്ചു: 'ഗുരോ, ആ മനുഷ്യൻ അങ്ങയെ കുറെ ചീത്ത പറഞ്ഞിട്ടും അങ്ങൊന്നും പ്രതികരിച്ചില്ലല്ലോ. അത് മോശമായിപ്പോയില്ലേ?'

അപ്പോൾ ഒരു ചോദ്യം ചോദിച്ചു: 'നിങ്ങളോട് ഞാൻ ഒരു കാര്യം ചോദിക്കട്ടെ: പൊതുവഴിയിലൂടെ ഒരാൾ നടന്നുപോവുകയായിരുന്നു അപ്പോൾ ഒരാൾ വന്ന് അയാൾക്കു നേരെ ഒരു പൊതി വെച്ചുനീട്ടി. ചീഞ്ഞുനാറുന്ന മാലിന്യങ്ങളായിരുന്നു ആ പൊ


**BALA KUSUMAM**
**CHILDRENS MONTHLY**

Samastha Centre
Jafarkhan Colony, Calicut - 6
Ph: 0495277846
kusumammasika@gmail.com

- **പബ്ലിഷർ**
  പി. കുഞ്ഞഹമ്മദ്
- **ചീഫ് എഡിറ്റർ**
  മുഹമ്മദ് പാറന്നൂർ
- **എക്സിക്യൂട്ടീവ് എഡിറ്റർ**
  സി.പി ശഫീഖ് ബുഖാരി
- **എഡിറ്റർ**
  ഇ.എം സുഫ്‌യാൻ ബുഖാരി
- **ജനറൽ മാനേജർ**
  കെ. ഉമർ മദനി
- **സർക്കുലേഷൻ**
  ശരീഫ് സഖാഫി എടയൂർ
- **ഇല്ലസ്ട്രേഷൻസ്**
  ശ്യാംദാസ്, ഷാജി എസ്.എം
- **ഡിസൈൻ ലേ-ഔട്ട്**
  അൻവർ സ്വാദിഖ് ബുഖാരി

തിയിലുണ്ടായിരുന്നത്. അയാൾ ആ പൊതി വാങ്ങാതെയങ്ങ് നടന്നുപോയി. എങ്കിൽ മാലിന്യങ്ങളുടെ ആ പൊതി ആരുടെ കൈയിലാണ് അവശേഷിക്കുക?'

'അത് കൊണ്ടുവന്നു കൊടുക്കാൻ ശ്രമിച്ചയാളുടെ കൈയിൽ തന്നെ!' ശിഷ്യർ മറുപടി പറഞ്ഞു.

അപ്പോൾ ഗുരു വിശദീകരിച്ചുകൊടുത്തു: 'ഇപ്പോൾ സംഭവിച്ചിരിക്കുന്നതും അതു തന്നെയാണല്ലോ. നിങ്ങളെയാരെങ്കിലും ചീത്ത പറഞ്ഞാൽ അതു കേട്ട് മനസ്സിൽ കൊണ്ടുനടക്കാതെ അവഗണിക്കുകയാണെങ്കിൽ ഒന്നും വരാനില്ല. അതെല്ലാം ആ ചീത്ത പറഞ്ഞയാളിൽ തന്നെയായിരിക്കും. ഇനി നിങ്ങളതിന് അതേ നാണയത്തിൽ പ്രതിക



രിക്കാൻ തുനിഞ്ഞാലോ, പരസ്പരം മാലിന്യങ്ങൾ വലിച്ചെറിയുന്നവരെപ്പോലെ യാകും നിങ്ങൾ. ആ മാലിന്യം നിങ്ങളെയും മലിനമാക്കുമെന്നോർക്കുക.'

നിങ്ങളോടാരെങ്കിലും നല്ലതു പറഞ്ഞാലും ദുഷിച്ചതു പറഞ്ഞാലും നല്ലതു കൊണ്ടേ പ്രതികരിക്കാവൂ. അതാണ് സൽസ്വഭാവം. ഇങ്ങോട്ട് ചീത്ത പറഞ്ഞവരെ അങ്ങോട്ടും ചീത്ത പറയുന്നത് ദുസ്വഭാവത്തിന്റെ ലക്ഷണമാണ്.

നബികഥ

# അത്ഭുതച്ചൂട്ട്


**ഇ**രുൾ മുറ്റിയ ഒരു രാത്രി സ്വഹാബിവര്യനായ ഖതാദ(റ) വീട്ടിൽ നിന്ന് പുറത്തിറങ്ങി. മസ്ജിദുന്നബവിയിൽ ചെന്ന് തിരുനബി(സ)യോടൊപ്പം നിസ്കരിക്കുകയായിരുന്നു ലക്ഷ്യം. ഖതാദ(റ) പള്ളിയിൽ പ്രവേശിച്ചപ്പോൾ ആകാശത്ത് കൊള്ളിയാൻ മിന്നി. മിന്നൽപ്പിണറിന്റെ വെളിച്ചത്തിൽ മുത്തുനബി(സ) ഖതാദ(റ)വിനെ കണ്ടു. തിരുദൂതർ(സ) ചോദിച്ചു: 'ഖതാദാ, എന്താ ഈ നേരത്ത് ഇവിടെ?' 'അങ്ങയോടൊപ്പം നിസ്കരിക്കാനും ഈ രാത്രി അങ്ങേക്ക് കൂട്ടിരിക്കാനും വന്നതാണ് ഞാൻ.' ഖതാദ(റ) മറുപടി നൽകി.


നിസ്കാരം കഴിഞ്ഞ് മടങ്ങുമ്പോൾ മുത്തുനബി(സ) ഒരു ഈത്തപ്പനമടൽ ഖതാദ(റ)വിന് നൽകി ഇങ്ങനെ പറഞ്ഞു: 'ഈ ഈത്തപ്പനമടൽ പിടിച്ചോളൂ. ഇരുളിൽ നിങ്ങൾക്കിത് രക്ഷയേകും. വഴിയിൽ പത്തടിയോളം ദൂരം മുന്നോട്ടും പത്തടിയോളം പിന്നോട്ടും ഇത് പ്രകാശം പരത്തും.'

ചൂട്ടുപോലെ പ്രകാശിക്കുന്ന ആ ഈത്തപ്പനമടലിന്റെ വെളിച്ചത്തിൽ ഖതാദ(റ) സന്തോഷത്തോടെ വീട്ടിലേക്ക് നടന്നു.



സഫർ
ദാ, നോക്ക്, സ ഫറിക്കയല്ലേ ആ വരുന്നത്?
ഓ, സഫറിക്ക ത ന്നെ. ഇക്കയോട് നമുക്കെന്തെങ്കി ലും നല്ല കാര്യം ചോദിച്ചു പഠി ക്കാം.
എന്തു കാര്യമാ ണിപ്പോ ചോദി ക്കുക?
ഏതെങ്കിലും ഒരു സുന്നത്തിനെക്കുറി ച്ചു ചോദിക്കാം.
അസ്സലാമു അലൈക്കും.
വ അലൈക്കുമു സ്സലാം വറഹ്മത്തു ല്ലാഹ്.
എന്താ കൂട്ടുകാ രെല്ലാവരും ഇവി ടെ കൂടിയിരിക്കു ന്നത്?


ഇക്കാ, ഞങ്ങൾ ഓ
രോ കഥകൾ പറയു
കയായിരുന്നു.
സഫറിക്കാ, ഞങ്ങൾ
ക്കിന്നൊരു സുന്ന
ത്തായ കാര്യം പറ
ഞ്ഞു തരുമോ?
ചെയ്യാൻ എളുപ്പ
മുള്ളതായിരിക്ക
ണം കേട്ടോ.
എന്തു കാര്യമാണി
പ്പോൾ ഇവർക്ക് പറ
ഞ്ഞുകൊടുക്കുക?
ഞാൻ നിങ്ങൾക്കൊ
രു ഹദീസ് പറഞ്ഞുത
രാം. എന്താ?
പറഞ്ഞോളൂ, കേൾ
ക്കാൻ ഞങ്ങൾ
റെഡി... റെഡി...
റെഡി...
മുത്തുനബി(സ) പറഞ്ഞു: നിങ്ങൾ വീട്ടിലേ
ക്കു കടക്കുമ്പോഴും ഭക്ഷണം കഴിക്കു
മ്പോഴും ബിസ്മി ചൊല്ലണം. ബിസ്മി ചൊ
ല്ലുമ്പോൾ ചെകുത്താൻ തന്റെ അനുയായി
കളോട് പറയും: കഷ്ടം! ഇയാൾ ബിസ്മി
ചൊല്ലിക്കളഞ്ഞല്ലോ. ഇനി നമുക്ക് ഈ വീ
ട്ടിൽ അന്തിയുറങ്ങാൻ കഴിയില്ല. ഭക്ഷണം
കഴിക്കാനുമാവില്ല.
അങ്ങനെ വേ
ണം. ബിസ്മി
ചൊല്ലി അവരെ
പറ്റിക്കാമല്ലോ.


അതേ. ഇനി നിങ്ങൾ ബിസ്മി ചൊല്ലാതെയാണ് വീട്ടിലേക്ക് കടന്നതെങ്കിൽ അവൻ അനുയായികളോട് പറയും; എല്ലാവരും സന്തോഷത്തോടെ വന്നോളൂ. നമുക്കിന്നിവിടെ സുഖമായി അന്തിയുറങ്ങാം എന്ന്.
ബിസ്മി ചൊല്ലാതെ ഭക്ഷണം കഴിക്കാൻ തുടങ്ങിയാലോ? അവൻ പറയും; വന്നോളൂ. ഇയാളോടൊപ്പം വേണ്ടത്ര തിന്നോളൂ. നമുക്ക് നല്ല സുഖമായല്ലോ ഇവിടെയിന്ന്.
സഫറിക്കാ, ഇക്ക തമാശ പറഞ്ഞതാണോ? ഇത് ശരിക്കും ഹദീസിലുള്ളതാണോ?
എന്തു സംശയം? മുത്തുനബി(സ) പറഞ്ഞ ശരിയായ ഹദീസാണിത്. ഏതു നല്ല കാര്യം ചെയ്യുമ്പോഴും ബിസ്മി ചൊല്ലണമെന്നത് മുത്തുനബി(സ)യുടെ സുന്നത്താണ്.
ഭക്ഷണം കഴിക്കുമ്പോഴും വീട്ടിൽ പ്രവേശിക്കുമ്പോഴുമൊക്കെ മറക്കാതെ ബിസ്മി ചൊല്ലണം. എന്നാലേ ചെകുത്താനെ അകറ്റാൻ പറ്റൂ. ചെകുത്താൻ കൂടെയില്ലെങ്കിൽ ആ കാര്യത്തിൽ ബറകത്തുണ്ടാവും.
സഫറിക്കാ, ശുക്റൻ... ശുക്റൻ... വലിയൊരു സുന്നത്താണല്ലോ ഇക്ക പഠിപ്പിച്ചു തന്നത്.



അബ്ദുസ്സലാം മണ്ണാർക്കാട്

നവംബർ 11
വിദ്യാഭ്യാസദിനം

# മൗലാനാ അബുൽകലാം ആസാദ്

▶▶ 1888 നവംബർ 11ന് മക്കയിൽ ജനനം, 1958 ഫെബ്രുവരി 22ന് ഡൽഹിയിൽ വിയോഗം.

▶▶ സ്വാതന്ത്ര്യസമര സേനാനി, കവി, പത്രപ്രവർത്തകൻ, പണ്ഡിതൻ എന്നീ നിലകളിൽ തിളങ്ങിയ ബഹുമുഖ പ്രതിഭ.

▶▶ ചെറുപ്പകാലത്തു തന്നെ ഉറുദു ഭാഷയിൽ കവിതകളെഴുതി. പതിനാലു വയസ്സു മുതൽ പ്രസിദ്ധീകരണങ്ങളിൽ എഴുതിത്തുടങ്ങി.

▶▶ സ്വതന്ത്രഇന്ത്യയുടെ പ്രഥമ വിദ്യാഭ്യാസ മന്ത്രി. ആസാദിന്റെ ജന്മദിനമായ നവംബർ 11 ദേശീയ വിദ്യാഭ്യാസദിനമായി ആചരിക്കുന്നു.

▶▶ നിസ്സഹകരണ പ്രസ്ഥാനത്തിൽ അംഗമായി. പലതവണ അറസ്റ്റുചെയ്യപ്പെട്ടു.

▶▶ 1927ൽ സൈമൺകമ്മീഷനെതിരെയുള്ള സമരം അടിച്ചമർത്താൻ ശ്രമിച്ച ബ്രിട്ടീഷുകാരോട് അദ്ദേഹം പ്രഖ്യാപിച്ചു: 'ഇന്ന് ഞങ്ങളേൽക്കുന്ന ഓരോ പ്രഹരവും ബ്രിട്ടീഷ്ഭരണത്തിന്റെ

ശവപ്പെട്ടിയിൽ തറയ്ക്കുന്ന ആണിയാണ്.'


⏩ മുപ്പത്തിയഞ്ചാം വയസ്സിൽ കോൺഗ്രസ് അധ്യക്ഷനായി.


⏩ 1947 ജനുവരി 15ന് സത്യപ്രതിജ്ഞ ചെയ്ത് മന്ത്രിയായ അദ്ദേഹമാണ് യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മീഷൻ (യു.ജി.സി) സ്ഥാപിച്ചതും യൂണിവേഴ്സിറ്റികൾക്ക് സ്വയം ഭരണാവകാശം ഏർപ്പെടുത്തിയതും.

⏩ 22 ഗ്രന്ഥങ്ങൾ രചിച്ചു. ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു (ആത്മകഥ), മുസ്ലിം സ്ത്രീ (മുസൽമാൻ ഔരത്) എന്നിവ പ്രധാനകൃതികൾ.

⏩ AI and education: Preserving human agency in a world of automation (നിർമിതബുദ്ധിയും വിദ്യാഭ്യാസവും: യന്ത്രവൽകൃത ലോകത്ത് മനുഷ്യസ്വാതന്ത്ര്യം സംരക്ഷിക്കൽ) എന്നതാണ് ഈ വർഷത്തെ ദേശീയവിദ്യാഭ്യാസ ദിനാചരണത്തിന്റെ പ്രമേയം.

⏩ 'ഉയരങ്ങൾ കീഴടക്കാൻ ശക്തരാവണം. എവറസ്റ്റ് കൊടുമുടി കീഴടക്കാനും മികച്ച കരിയർ നേടാനും വേണം ശക്തി.' *മൗലാനാ അബുൽകലാം ആസാദ്*





# ശൈഖ് രിഫാഈ(റ)

റൈഹാൻ കരീം

- അബുൽഅബ്ബാസ് ശൈഖ് അഹ്മദുൽകബീർ രിഫാഈ എന്നാണ് പൂർണ്ണ നാമം.

- ഹിജ്റ 512 ൽ ഇറാഖിലെ ബത്വാഇഹിലുള്ള ഹസൻ ഗ്രാമത്തിൽ ജനനം.

- പിതാവ് അബുൽ ഹസൻ അലി(റ), മാതാവ് ഉമ്മുൽഫള്ൽ അൽഅൻസാരിയ്യ(റ). ഇരുവരുടെയും പരമ്പര ഹുസൈൻ(റ) വഴി തിരുനബി(സ)യിലേക്ക് ചേരുന്നു.

- ഏഴാം വയസ്സിൽ പിതാവ് വഫാത്തായി. തുടർന്ന് പണ്ഡിതനും സൂഫിവര്യനുമായ അമ്മാവൻ ശൈഖ് മൻസൂറുൽ ബത്വാഇഹിയുടെ സംരക്ഷണത്തിൽ വളർന്നു.

- ഏഴാം വയസ്സിൽ വിശുദ്ധ ഖുർആൻ പഠിച്ചു. പിന്നീട് അമ്മാവനോടൊപ്പം ഇറാഖിലെ മറ്റൊരു ഗ്രാമത്തിലേക്ക് യാത്ര തിരിച്ചു.

- പ്രസിദ്ധ വാഗ്മിയും സൂഫിവര്യനുമായിരുന്ന ശൈഖ് അബുൽഫള്ൽ അലിയ്യുൽ വാസിതി(റ)യുടെയും മറ്റു പ്രമുഖ പണ്ഡിതന്മാരുടെയും ശിക്ഷണ

ത്തിൽ ശൈഖ് രിഫാഈ(റ) അറിവ് നുകർന്നു.

- ശാഫിഈ മദ്ഹബിലെ പ്രസിദ്ധ കർമശാസ്ത്ര ഗ്രന്ഥമായ കിതാബുത്തൻബീഹ് മനപ്പാഠമാക്കുകയും അതിന് വ്യാഖ്യാനം എഴുതുകയും ചെയ്തു.

- ആത്മീയരംഗത്തും വൈജ്ഞാനികരംഗത്തും ഉന്നതി കൈവരിച്ച മഹാനവർകൾ 'അബുൽ ഇൽമൈൻ' (രണ്ടു വിജ്ഞാനങ്ങളുടെ പിതാവ്) എന്നറിയപ്പെട്ടു.

- ഉന്നതപദവികൾ നേടിയപ്പോഴും വിനയാന്വിതനായി ജീവിച്ചു. കുട്ടികളോടും സഹജീവികളോടുമെല്ലാം അങ്ങേയറ്റം സ്നേഹത്തോടെ പെരുമാറി.

- പണ്ഡിതരും പൊതുജനങ്ങളുമൊക്കെയായി നിരവധിപേർ അനുഗ്രഹം തേടി ഓരോ ദിവസവും ശൈഖവർകളുടെ വീട്ടിലെത്തിയിരുന്നു.

- നിരവധി കറാമത്തുകൾ മഹാനവർകളിൽ നിന്ന് ലോകം ദർശിച്ചു. ഒരു ഹജ്ജ് വേളയിൽ ശൈഖ് രിഫാഈ(റ) തിരുനബി(സ)യുടെ കരങ്ങൾ ചുംബിച്ച സംഭവം പ്രസിദ്ധമാണ്.

- അനാഥ, വിധവസംരക്ഷണം, രോഗസന്ദർശനം തുടങ്ങിയ സാമൂഹ്യസേവനങ്ങളിൽ മഹാനവർകൾ ആനന്ദം കണ്ടെത്തി.

- മഹാനവർകളുടെ പ്രഭാഷണത്തിലൂടെയും ഗ്രന്ഥരചനയിലൂടെയും നിരവധിപേർ സത്യമാർഗ്ഗത്തിലേക്ക് കടന്നുവന്നു.

- മഹാനവർകളുടെ ജീവിതചരിത്രം, സ്വഭാവ ഗുണങ്ങൾ, കറാമത്തുകൾ തുടങ്ങിയവ വിവരിക്കുന്ന നിരവധി പ്രകീർത്തന കാവ്യങ്ങൾ വിരചിതമായിട്ടുണ്ട്.

- ഹിജ്റ 578 ജമാദുൽആഖിർ 12 ന് ഇഹലോകവാസം വെടിഞ്ഞ മഹാനവർകൾ ഉമ്മുഅബീദയിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്.

അബൂതസ്നീം

# കുഞ്ഞുമോന്റെ വാഴത്തോട്ടം

'**കൂ**ട്ടുകാരേ, ഇന്ന് സ്കൂൾ വിട്ട ശേഷം നമുക്കൊരു കുട്ടിയുടെ വീട്ടിൽ പോകണം; ഒരു സർപ്രൈസ് വിസിറ്റ്. താല്പര്യമുള്ളവരൊക്കെ വരണം ട്ടോ.'

അൻവർസാർ ക്ലാസ് കഴിഞ്ഞിറങ്ങുമ്പോഴാണിങ്ങനെ പറഞ്ഞത്. ചിരിച്ചുകൊണ്ട് നടന്നുപോകുന്ന സാറിന്റെ പിന്നാലെ ചെന്ന് റിയാസ് ചോദിച്ചു: 'ഏതു കുട്ടിയുടെ വീട്ടിലേക്കാണ് സാർ?'

'അത് ഇപ്പഴേ പറഞ്ഞാൽ എന്ത് സർപ്രൈസാണെടോ? അപ്പോൾ കാണാം.' സാർ കാര്യം വെളിപ്പെടുത്തിയതേയില്ല. ക്ലാസിൽ പിന്നെ അതായിരുന്നു ചർച്ച.

'സുഖമില്ലാതെ കിടക്കുന്ന അരുണിന്റെ വീട്ടിലേക്കായിരിക്കും.' നജീബ് പറഞ്ഞു.


'അരുണിപ്പോ ഹോസ്പിറ്റലിലാണല്ലോ.' നസിയ വെളിപ്പെടുത്തി.

'എന്നാൽ, മുനീറിന്റെ വീട്ടിലേക്കായിരിക്കും. അടുത്താഴ്ച അവന്റെ ഇക്കാക്കാന്റെ കല്യാണമാണല്ലോ.'

'അയ്യേ, എന്താണിത്? നമ്മളെയൊന്നും കല്യാണത്തിന് ക്ഷണിച്ചിട്ടില്ലല്ലോ.' ഹാദി പറഞ്ഞു.

'ക്ഷണിക്കാത്ത കല്യാണത്തിനൊന്നും സാർ നമ്മെ കൂട്ടിക്കൊണ്ടുപോവില്ല.' ആമിന ഉറപ്പിച്ചുപറഞ്ഞു.

'പിന്നെ ആരുടെ വീട്ടിലേക്കായിരിക്കും? മുജ്തബ പറയൂ... നീയല്ലേ ക്ലാസ് ലീഡർ?' ഒന്നുരണ്ടു പേർ



കുഞ്ഞുമോനു നേരെ തിരിഞ്ഞു.

'എനിക്കറിയില്ല, സാർ എന്നോടൊന്നും പറഞ്ഞിട്ടില്ലല്ലോ.' കുഞ്ഞുമോൻ ഒഴിഞ്ഞുമാറി.

'എന്നാൽ കാത്തിരുന്നു കാണാം.' ഹാസിം ഉറക്കെ പ്രഖ്യാപിച്ചു.

ക്ലാസ് കഴിഞ്ഞ ഉടനെ എല്ലാവരും സ്റ്റാഫ്റൂമിനരികിലേക്കോടി. അവിടെ ചെറുചിരിയുമായി അൻവർസാർ കാത്തു നിൽക്കുന്നുണ്ടായിരുന്നു.

'പോവ്വല്ലേ സാറേ?' കുട്ടികൾ തിരക്ക് കൂട്ടി.

'എല്ലാവരും എത്തിയോ? എന്നാൽ പോവാം.' സാർ മുന്നിൽ നടന്നു, പിന്നാലെ 36 കുട്ടികളും. എങ്ങോട്ടാണെന്ന ആകാംക്ഷ എല്ലാ മുഖത്തുമുണ്ടായിരുന്നു. കൂട്ടത്തിൽ ചിലർ സ്വന്തം അഭിപ്രായങ്ങൾ പൊട്ടിച്ചുവിടുന്നുണ്ടായിരുന്നു.

നടന്നുനടന്ന് കുഞ്ഞുമോന്റെ വീട്ടിലേക്ക് തിരിയുന്നിടത്തെത്തിയപ്പോൾ സാർ ഒന്നു നിന്നു. കുഞ്ഞുമോനോട് ചോദിച്ചു:

'നിന്റെ ഉമ്മയും ഉപ്പയുമൊക്കെ അവിടെയുണ്ടാവോ?'

അതുകേട്ട് കുഞ്ഞുമോൻ ഞെട്ടി. എന്റെ വീട്ടിലേക്കാണോ സാറിപ്പോൾ കുട്ടികളെയെല്ലാവരെയും കൂട്ടി വന്നിരിക്കുന്നത്? അമ്പരന്നു കൊണ്ട് അവൻ പറഞ്ഞു: 'എനിക്കറിയില്ല സാർ.' സാർ ഒന്നും പറയാതെ ചിരിച്ചുകൊണ്ട് മുന്നോട്ടു നടന്നപ്പോൾ മനസ്സിലായി, കുഞ്ഞുമോന്റെ വീട്ടിലേക്കു തന്നെ.

'അപ്പോൾ നിനക്കിതൊന്ന് നേരത്തെ പറഞ്ഞു കൂടായിരുന്നോ?' റിയാസ് അവന്റെ പുറത്തൊന്നു തോണ്ടി.

'എന്തിനാപ്പോ മുജ്തബാന്റെ വീട്ടിലേക്ക് പോകുന്നത്?' കൂട്ടുകാർ പരസ്പരം കുശുകുശുത്തു.

സത്യത്തിൽ കുഞ്ഞുമോനറിയില്ലല്ലോ ഈ വരവ് എന്തിനാണെന്ന്. വീട്ടിൽ ഉമ്മയുണ്ടാകുമോ എന്ന ആശങ്കയിലായിരുന്നു അവൻ. എന്നാൽ, കുറച്ചു കൂടി മുന്നോട്ടു നടന്നപ്പോൾ കണ്ടു; ഉമ്മയും ഉപ്പയും കുഞ്ഞേച്ച്യാളും അതാ എല്ലാവരെയും സ്വീകരിക്കാൻ മുറ്റത്തിറങ്ങി നിൽക്കുന്നു. അപ്പോൾ അവരെല്ലാവരും ഒന്നിച്ചെടുത്ത തീരുമാനമായിരിക്കും ഇത്. അതുകൊണ്ടല്ലേ, രാത്രി മാത്രം വരാറുള്ള ഉപ്പ ഇന്ന് നേരത്തെ എത്തിയത്... എന്നിട്ട് എന്നോടൊന്നും പറയാതെ! കുഞ്ഞുമോന് അവരോട് പരിഭവം തോന്നി.

ഏതായാലും ഇങ്ങനെയൊക്കെയായല്ലോ. അവൻ വേഗം മുന്നോട്ട് നടന്ന് എല്ലാവരെയും സ്വീകരിക്കാൻ തയ്യാറായി.

വീട്ടുമുറ്റത്തെത്തിയതോടെ അൻവർസാർ ചുറ്റുമൊന്നു നോക്കി. 'അതാണല്ലേ മുജ്തബയുടെ വാഴത്തോട്ടമെ'ന്നു പറഞ്ഞ് പറമ്പിലേക്ക് നടന്നു. അപ്പോഴാണ് കുഞ്ഞുമോന് മനസ്സിലായത്, ക്ലാസ്സിലെ കുട്ടികളെയെല്ലാം കൂട്ടിക്കൊണ്ടുവന്നത് എന്റെ വാഴകൃഷി കാണിക്കാനാണല്ലോ. അവൻ അഭിമാനത്തോടെ സാറിന്റെ കൂടെ നടന്നു; പിന്നാലെ മറ്റു കുട്ടികളും.

പത്തു വാഴകളുണ്ട്. കുഞ്ഞുമോന് നഴ്സറിയിൽ നിന്ന് ഉപ്പ വാങ്ങിക്കൊടുത്തതായിരുന്നു കുഞ്ഞു വാഴത്തൈകളെ. ഉപ്പയുടെ സഹായത്തോടെയാണ് മണ്ണിളക്കി വാഴത്തൈകൾ

നട്ടത്. പിന്നെ വളർ
ത്തിയത് ഉമ്മയുടെ
സഹായത്തോടെ.
ഇടയ്ക്കിടെ
വളം ചെയ്യ
ണം. വേനലിൽ
നന്നായി നനയ്
ക്കണം. പുഴു
ക്കളെയൊക്കെ
നുള്ളിക്കളഞ്ഞ്
സംരക്ഷിക്ക
ണം. എല്ലാം
ഉമ്മ പറഞ്ഞു
കൊടുക്കും.
കുഞ്ഞുമോൻ
അതനുസരിച്ച്
എല്ലാം ചെയ്യും.
അങ്ങനെ വളർ
ന്നു വലുതായി
രിക്കുകയാണ്
അവയെല്ലാം. നാല
ഞ്ചെണ്ണത്തിന് കുല
വന്നിരിക്കുന്നു.
ബാക്കിയുള്ളവയും
അടുത്തു തന്നെ
കുലയ്ക്കും.

സാറ് കുഞ്ഞു
മോനെ അഭി
നന്ദിച്ചുകൊണ്ട്
ചോദിച്ചു: 'നമ്മുടെ
കൊച്ചുകർഷകമിടുക്കാ, ഈ
വാഴകളുടെയൊക്കെ പേരെ
ന്താണെന്ന് പറഞ്ഞാട്ടെ.'

കുഞ്ഞുമോൻ വാഴകളു



ടെയടുത്തേക്ക് നീങ്ങി രണ്ടെ
ണ്ണത്തിനെ ചൂണ്ടി പറഞ്ഞു:
'ഇവർ രണ്ടും നേന്ത്രന്മാരാ.'

അതുകേട്ട് ചില കുട്ടികൾ
ചിരിച്ചപ്പോൾ സാർ പറഞ്ഞു:

‘ചിരിക്കാനൊന്നുമില്ല. നേന്ത്രപ്പഴം ഏതാണെന്ന് നിങ്ങൾക്കറിയില്ലേ? അവയുണ്ടാകുന്നത് ഈ വാഴയിലാണ്.’

‘ഇവ രണ്ടും ഞാലിപ്പൂവനാ.’ അടുത്ത രണ്ടു വാഴകളെ ചൂണ്ടി കുഞ്ഞുമോൻ പരിചയപ്പെടുത്തി.

അപ്പോൾ അടുത്ത രണ്ടു സുന്ദരിവാഴകളെ ചൂണ്ടി ആമിന ചോദിച്ചു: ‘ഇവരോ?’

‘അവരെ അറിയില്ലേ, അവരാണ് കദളിവാഴകൾ.’ കുഞ്ഞുമോൻ പറഞ്ഞു: ‘അതിനപ്പുറം കാണുന്ന ആ നീളൻവാഴകളോ?’ ചോദിച്ചത് റിയാസാണ്. അവയാണ് മൈസൂർവാഴകൾ.

‘അതിനപ്പുറമുള്ള കുള്ളന്മാരോ?’

‘അവരെ റോബസ്റ്റ് എന്നാണ് പറയുക.’

എല്ലാറ്റിന്റെയും പേരുകൾ കൃത്യമായി പറഞ്ഞപ്പോൾ കൂട്ടുകാർക്ക് അത്ഭുതം. കൊള്ളാമല്ലോ, ഈ മുജ്തബയുടെ കാര്യം! പഠിക്കാൻ മാത്രമല്ല; പണിയെടുക്കാനും മിടുക്കനാണല്ലോ ഇവൻ.

അൻവർ സാറ് അവനെ വീണ്ടും അഭിനന്ദിച്ചു. അവനെ കണ്ടു പഠിക്കാൻ കൂട്ടുകാരോട് പറഞ്ഞു. പിന്നെ വാഴയുടെ മഹത്വങ്ങൾ വിശദീകരിച്ചു: ‘കൂട്ടുകാരേ, നിങ്ങൾക്കറിയാമോ, വാഴ ധാരാളം ഗുണങ്ങളുള്ള ഒരു സസ്യമാണ്. വാഴയിലയിൽ ആഹാരം കഴിച്ചാൽ ഒരുപാട് ഗുണങ്ങളുണ്ട്. വാഴപ്പഴത്തിന്റെ ഗുണങ്ങൾ പറയേണ്ടതില്ലല്ലോ. വാഴപ്പഴം മാത്രമല്ല, അതിന്റെ കൂമ്പും ഉണ്ണിക്കാമ്പും ഉണ്ണിത്തട്ടയും കിഴങ്ങുമെല്ലാം നല്ല ആഹാരവും പല രോഗങ്ങൾക്കുമുള്ള ഔഷധവുമാണ്. ഇവ കൊണ്ട് നല്ല ഉപ്പേരിയും തോരനുമൊക്കെ ഉണ്ടാക്കാം. എന്താ, നാളെ മുതൽ നമുക്കെല്ലാം മുജ്തബയെപ്പോലെ ഓരോ വാഴത്തോട്ടം ഉണ്ടാക്കാൻ ശ്രമിച്ചാലോ?’

‘ഞങ്ങൾ റെഡിയാണ് സാർ.’ കുട്ടികൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

‘എന്നാലിനി നമുക്ക് പിരിയാമല്ലോ’ എന്നു പറഞ്ഞ് സാറ് പുറപ്പെടാനൊരുങ്ങിയപ്പോഴാണ് ഉമ്മയും ഉപ്പയും പായസവുമായി വന്നത്. അതു കണ്ട് കൂട്ടുകാരുടെ വായിൽ വെള്ളമൂറി. പാൽപ്പായസം നുകർന്ന് സംതൃപ്തിയോടെ തിരിച്ചുപോകുമ്പോൾ എല്ലാവരും കുഞ്ഞുമോനും കുടുംബത്തിനും നന്ദി പറയാൻ മറന്നില്ല.



ഹോജ
ചന്തയിൽ തിങ്ങിനിറഞ്ഞ ജനങ്ങൾക്കിടയിലൂടെ കഴുതപ്പുറത്ത് കുതിക്കുകയായിരുന്നു ഹോജ.
ങ്ഹേ!
ഹുയ്യോ, മാറിക്കോ.
ഈ കഴുത എങ്ങോട്ടാണീ ഓടുന്നത്?
ഹോജാ, എങ്ങോട്ടാണിത്ര ധൃതിയിൽ?
സത്യമായും, എനിക്കറിയില്ല സുഹൃത്തേ. ഈ കഴുതയോട് തന്നെ ചോദിച്ചുനോക്കൂ.

**പട്ടണക്കാട് അബ്ദുൽഖാദർ**

# നീതി ബോധം

**ഇ**ന്ത്യയുടെ പ്രഥമ പ്രധാന മന്ത്രിയായിരുന്നു പണ്ഡിറ്റ് ജവ ഹർലാൽ നെഹ്റു. പ്രധാനമന്ത്രി യാകുന്നതിനുമുമ്പ് അദ്ദേഹം അലഹബാദ് മുൻസിപ്പൽ ചെ യർമാൻ പദവി വഹിച്ചിരുന്നു. അക്കാലത്ത് ജല വിതരണ വിഭാ ഗത്തിലെ ഒരു ഉദ്യോഗസ്ഥൻ ചെയർമാന്റെ മേശ പ്പുറത്ത് ഒരു ലിസ്റ്റ് വെച്ചു. വെള്ള ക്കരം കുടിശ്ശിക വരുത്തിയവരുടെ പേരുവിവരങ്ങളാ യിരുന്നു ലിസ്റ്റിൽ.

'കരം കൃത്യമായി അടക്കാതിരിക്കുന്നത് മാന്യന്മാർക്ക് ചേർ ന്നതല്ല! കൃത്യവിലോ പമാണ്.' നെഹ്റു



പറഞ്ഞു.

'ശരിയാണ് സർ.' ഉദ്യോഗസ്ഥൻ സമ്മതിച്ചു.

'കുടിശ്ശിക വരുത്തിയവരുടെ കണക്ഷൻ വിച്ഛേദിക്കുന്നതിന് ഉടൻ നടപടിയെടുക്കുക.' നെഹ്റു ലിസ്റ്റിനടിയിൽ കുറിപ്പെഴുതി.

'സർ, ഹൈക്കോടതിജഡ്ജി, പോലീസ് മേധാവി, രാഷ്ട്രീയ നേതാക്കന്മാർ എന്നിങ്ങനെ സമൂഹത്തിൽ ഉന്നതരായ പലരും ഈ ലിസ്റ്റിലുണ്ടല്ലോ?' കുറിപ്പു വായിച്ച് ഉദ്യോഗസ്ഥൻ പരുങ്ങലോടെ പറഞ്ഞു.

'കുടിശ്ശിക വരുത്തിയാൽ നടപടിയെടുക്കണം. ആളും തരവും നോക്കേണ്ട കാര്യമില്ല.' അല്പം കടുത്ത സ്വരത്തിലായിരുന്നു നെഹ്റുവിന്റെ മറുപടി.

അടുത്ത ദിവസം വൈകുന്നേരം നെഹ്റു വീട്ടിലെത്തി. പിതാവ് മോത്തിലാൽ നെഹ്റു ഉമ്മറത്ത് അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുന്നു. മുഖത്ത് ദേഷ്യം നിഴലിക്കുന്നുണ്ട്. സന്തോഷവാനായി വന്ന നെഹ്റു ഒരു നിമിഷം നിന്നു.

'ഇവിടെ തുള്ളി വെള്ളമില്ല! മുൻസിപ്പൽ ചെയർമാനായ നിന്റെ ഭവനത്തിലുമെത്തി ജലവിതരണക്കാരുടെ ക്രൂരത.' പിതാവ് അരിശം പ്രകടമാക്കി.

'കണക്ഷൻ വിച്ഛേദിച്ചു കാണും. അല്ലേ?' നെഹ്റു ചോദിച്ചു.

'അതുതന്നെ പ്രശ്നം. ആ വകതിരിവില്ലാത്ത ഉദ്യോഗസ്ഥന്റെ പേരിൽ ഉടൻ നടപടിയെടുക്കണം.' മോത്തിലാൽ നെഹ്റു ആവശ്യപ്പെട്ടു.

കണക്ഷൻ പിതാവിന്റെ പേരിലാണെന്നറിയാമായിരുന്ന നെഹ്റു പുഞ്ചിരിയോടെ പറഞ്ഞു.

'അച്ഛാ, കുടിശ്ശിക വരുത്തിയവരുടെ കണക്ഷൻ വിച്ഛേദിക്കാൻ ഉത്തരവിട്ടത് നിങ്ങളുടെ ഈ മകൻ തന്നെയാണ്. നിയമത്തിന്റെ ദൃഷ്ടിയിൽ എല്ലാവരും തുല്യരല്ലേ അച്ഛാ?'

പുത്രന്റെ നീതിബോധത്തിൽ പിതാവിന്റെ കോപം അലിഞ്ഞില്ലാതായി. 'കൊള്ളാം!' അദ്ദേഹം മകനെ പുറത്തുതട്ടി അഭിനന്ദിച്ചു.

നബികഥ

# നരയ്ക്കാത്ത മുടി

**സ്വ**ഹാബിവര്യനായ സാഇബുബ്നു യസീദ്(റ)വിന്റെ താടിരോമങ്ങൾ പൂർണമായി നരച്ചിട്ടും തലമുടി ഒട്ടും നരച്ചിരുന്നില്ല. നല്ല അഴകുള്ള കറുത്ത മുടിയായിരുന്നു അദ്ദേഹത്തിന്റേത്. ഇതു കണ്ട പരിചാരകനായ അത്വാഅ്(റ) ഒരിക്കൽ ചോദിച്ചു:

'യജമാനരേ, അങ്ങയുടെ താടിയെല്ലാം നരച്ചുവെളുത്തിട്ടും തലമുടി മാത്രം കറുത്തു നിൽക്കുന്നല്ലോ? എന്താണതിന്റെ രഹസ്യം?'


സാഇബ്(റ) മറുപടി നൽകി: 'ഈ തലമുടി ഒരിക്കലും നരക്കില്ല. അതിനൊരു കാരണമുണ്ട്. ചെറുപ്പത്തിൽ കൂട്ടുകാരോടൊപ്പം കളിച്ചുകൊണ്ടിരിക്കുകയായിരുന്നു ഞാൻ. അപ്പോഴാണ് തിരുദൂതർ(സ) അതുവഴി വന്നത്. അവിടുന്ന് സലാം പറഞ്ഞപ്പോൾ കൂട്ടത്തിൽ ഞാൻ മാത്രം സലാം മടക്കി. അപ്പോൾ തിരുമേനി(സ) എന്നെ അടുത്തേക്കു വിളിച്ച് പേര് ചോദിച്ചു.

'സാഇബുബ്നു യസീദുബ്നു ഉഖ്തുന്നമിർ.' ഞാൻ മറുപടി നൽകി.

ഉടനെ തിരുനബി(സ) എന്റെ തലയിൽ കൈവെച്ച് 'അല്ലാഹു നിന്നിൽ അനുഗ്രഹം ചൊരിയട്ടെ' എന്ന് പ്രാർഥിച്ചു.

അന്ന് തിരുമേനി(സ)യുടെ കരസ്പർശമേറ്റ എന്റെ മുടികൾ നരച്ചിട്ടില്ല. ഇനിയത് നരയ്ക്കുകയുമില്ല.

മനാസിർ പടല



ശാസ്ത്രശാല

# കളർ കാബേജ്

സസ്യങ്ങൾ എങ്ങനെയാണ് വെള്ളം വലിച്ചെടുക്കുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ? ലളിതമായ ഒരു പരീക്ഷണത്തിലൂടെ നമുക്കത് കണ്ടെത്താം.

**ആവശ്യമായ വസ്തുക്കൾ:**
രണ്ട് വലിയ കാബേജ് ഇലകൾ, രണ്ട് ഗ്ലാസുകൾ, പലനിറങ്ങളിലുള്ള ഫുഡ്കളറുകൾ, വെള്ളം

**ചെയ്യേണ്ട വിധം:**
കാബേജിൽനിന്ന് വലിയ രണ്ട് ഇലകളെടുത്ത് അതിന്റെ തണ്ട് ഗ്ലാസ്സിൽ ഇറക്കിവയ്ക്കുക. ശേഷം ഗ്ലാസിൽ വെള്ളമൊഴിക്കുക. ഓരോ ഗ്ലാസിലും അല്പം ഫുഡ് കളർ ചേർക്കുക. അല്പ സമയം കാത്തിരിക്കുക.


**സംഭവിക്കുന്നത്:**
ഗ്ലാസിലെ കളർ കാബേജ് ഇലകളിൽ പടരുന്നതു കാണാം. കാബേജ് പോലെയുള്ള സസ്യങ്ങളിൽ സൈലം എന്നു പേരുള്ള ചെറിയ കുഴലുകളുണ്ട്. മണ്ണിൽ നിന്ന് ഇലകളിലേക്ക് ആഹാരം പാകം ചെയ്യാൻ ജലാംശം എത്തിക്കുന്നത് ഈ കുഴലുകളാണ്. ഗ്ലാസിലെ കളർവെള്ളം സൈലത്തിലൂടെ ഇലകളിലേക്ക് പോകുന്നതുകൊണ്ടാണ് ഇലകളിൽ നിറംമാറ്റം കാണപ്പെടുന്നത്.



# മുറിവാലൻ കുറുക്കൻ



വിശന്നു വലഞ്ഞ കുറുക്കൻ നടന്നുനടന്ന് ഗ്രാമത്തിലെത്തി.
ഹായ്! ഒരു കോഴിക്കൂടല്ലേ അത്!

അമ്മക്കോഴി അകത്തില്ല. കുഞ്ഞുങ്ങളെ അകത്താക്കാൻ പറ്റിയ തക്കം.
മക്കളേ, അമ്മക്കോഴിക്ക് ഒരപകടം പറ്റിയിട്ടുണ്ട്.
ങേ?
വാതിൽ തുറക്കൂ. അമ്മ വരുന്നതു വരെ നിങ്ങളെ ഞാൻ നോക്കാം.
ശ് ശ്! നമ്മെ ശാപ്പിടാനുള്ള അവന്റെ സൂത്രമാണ്. ശ്രദ്ധിക്കണം.
ഹയ്യോ! ഞങ്ങൾക്ക് വാതിൽ തുറക്കാൻ കഴിയില്ല. ഒരു കാര്യം ചെയ്യാം.


എന്താ കാര്യം? വേഗം പറയൂ.
കുറുക്കച്ചാരുടെ വാല് അകത്തിട്ടാൽ കൂടിനകത്തു കയ റാൻ ഞങ്ങൾ സഹാ യിക്കാം.
അതു കൊള്ളാം. അപ്പോൾ എല്ലാവരെയും ശാപ്പിടാമല്ലോ.
ദാ, പിടിച്ചോ...
ഉടനെ,
ഹ..ഹ! ഇനി കുറച്ചുനേ രം പുറത്തുനിന്നോളൂ. വാലിവിടെ മുറുക്കിക്കെ ട്ടിയിട്ടുണ്ട്.
ങ്ങേ, ഹയ്യോ!
ഹഹ! മുറിവാലൻ കുറുക്കൻ!
ഹാവൂ, ജീവൻ തിരിച്ചു കിട്ടിയത് ഭാഗ്യം.

റൈഹാൻ

സമസ്ത ചരിത്രം - 23

# ബഹ്റുൽഉലൂം ഒ.കെ ഉസ്താദ്



ഉസ്താദുൽ അസാതീദ് (ഉസ്താദുമാരുടെ ഉസ്താദ്), ബഹ്റുൽഉലൂം (വിജ്ഞാനസമുദ്രം) എന്നൊക്കെ അറിയപ്പെട്ട മഹാനായ ഒരു പണ്ഡിതനുണ്ടായിരുന്നു നമ്മുടെ കേരളത്തിൽ. അദ്ദേഹം ആരെന്നറിയാമോ കൂട്ടുകാർക്ക്? ഒ.കെ ഉസ്താദ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ട ഓടയ്ക്കൽ സൈനുദ്ദീൻ കുട്ടി മുസ്‌ലിയാർ. ഏന്തീൻ കുട്ടി മുസ്‌ലിയാർ എന്നും പറയാറുണ്ട്. പേരുകൾ സൂചിപ്പിക്കുന്നതു പോലെ സുൽത്വാനുൽഉലമ കാന്തപുരം ഉസ്താദിനെയും ഇ. സുലൈമാൻ ഉസ്താദിനെയും പോലുള്ള സമസ്ത നേതാക്കളുടെ, അഹ്സനി ബിരുദധാരികളുടെ, ആയിരക്കണക്കിന് ഉസ്താദുമാരുടെ ഉസ്താദാണ് ഒ.കെ ഉസ്താദ്. 25 കൊല്ലത്തോളം മതപഠനത്തിനായി ചെലവഴിച്ചാണ് മഹാൻ 'ബഹ്റുൽഉലൂം' ആയി മാറിയത്.

1916 ൽ കോട്ടക്കലിനടുത്തുള്ള കുഴിപ്പുറത്തെ ഓടയ്ക്കൽ തറവാട്ടിലാണ് ഉസ്താദ് ജനിച്ചത്. മഖ്ദൂം പരമ്പരയിൽപ്പെട്ട അലി ഹസൻ (കോയട്ടി) മുസ്‌ലിയാരാണ് പിതാവ്. ആദ്യഗുരു പിതാവ് തന്നെയായിരുന്നു. പിന്നെ കൈപ്പറ്റ മമ്മൂട്ടി മുസ്‌ലിയാർ, സ്വദഖത്തുല്ല മുസ്‌ലിയാർ തുടങ്ങിയ മഹാപണ്ഡിതന്മാരുടെ ശിഷ്യത്വ

ത്തിൽ ദീർഘകാലം പഠിച്ചു. 1944ൽ വെല്ലൂർ ബാഖിയാത്തു സ്സ്വാലിഹാത്തിൽ ചേർന്ന് ബാഖവി ബിരുദം നേടി.


1946ൽ മുദരിസായി സേവനം തുടങ്ങി. കുഴിപ്പുറത്താണ് ആദ്യമായി മുദരിസായത്. സിറാജുൽ ഉലൂം മദ്റസ എന്നു പേരിട്ട ഈ ദർസിൽ കെ.സി ജമാലുദ്ദീൻ മുസ്‌ലിയാരെപ്പോലുള്ള വലിയ പണ്ഡിതന്മാർ ശിഷ്യരായിരുന്നു. പിന്നെ കായംകുളം ഹസനിയ്യയിൽ പ്രധാന മുദരിസായി. 1953ൽ ചാലിയംപള്ളിയിൽ ദർസ് തുടങ്ങി. അന്നവിടെ 80 ശിഷ്യന്മാരുണ്ടായിരുന്നുവത്രേ. 1959ൽ തലക്കടത്തൂരിലേക്ക് ദർസ് മാറിയെങ്കിലും രണ്ടു വർഷത്തിനുശേഷം വീണ്ടും ചാലിയത്തു തന്നെ തിരിച്ചെത്തി. 1979 വരെ അവിടെ ദർസ് തുടർന്നു. അക്കാലത്താണ് 'ചാലിയത്തെ മൊയ്ല്യാർ' എന്ന് ഒ.കെ ഉസ്താദ് അറിയപ്പെട്ടത്. അന്നദ്ദേഹം ദർസ് നടത്തിയിരുന്ന സ്ഥലം ഇന്നും പള്ളിയിൽ പ്രത്യേകം അടയാളപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

സമസ്തയുടെ ഔദ്യോഗിക പദവികളൊന്നും ഒ.കെ ഉസ്താദ് വഹിച്ചിട്ടില്ല. ഒന്നുരണ്ടു തവണ സമസ്ത മുശാവറയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരുന്നെങ്കിലും പരിപാടികളിലൊന്നും പങ്കെടുക്കാൻ തയ്യാറായിരുന്നില്ല. പൊതു സ്റ്റേജുകളിൽ പ്രത്യക്ഷപ്പെടുന്നതിലും സ്ഥാനമാനങ്ങൾ നേടുന്നതിലും ഉസ്താദിനൊട്ടും താല്പര്യമുണ്ടായിരുന്നില്ല. അതിൽ നിന്നെല്ലാം ഒഴിഞ്ഞു മാറി അറിവ് നേടുന്നതിലും അറിവുകൾ പകർന്നുകൊടുക്കുന്നതിലും മുഴുകുകയായിരുന്നു അദ്ദേഹം. അതേസമയം, സുന്നീപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ശിഷ്യന്മാരെ അതിനു പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഉസ്താദിന്റെ സേവനപ്രവർത്തനങ്ങളിൽ പ്രധാനമാണ് ഒതുക്കുങ്ങൽ ഇഹ്‌യാഉസ്സുന്ന അറബിക് കോളേജ്. സ്ഥാപനം മുതൽ തന്റെ മരണം വരെ

**ഇന്ത്യൻ റെക്കോർഡ്**

യുഎന്നിൽ ഏറ്റവും ദൈർഘ്യമേറിയ പ്രസംഗം നടത്തിയത് ഇന്ത്യക്കാരനായ വി കെ കൃഷ്ണമേനോനാണ്. 1957 ൽ അദ്ദേഹം നടത്തിയ പ്രഭാഷണം എട്ടുമണിക്കൂർ നീണ്ടു.





ഈ കോളേജിന്റെ പുരോഗതിക്കായുള്ള പരിശ്രമത്തിലായിരുന്നു ഉസ്താദ്.

മാതൃകാജീവിതമായിരുന്നു ഒ.കെ ഉസ്താദിന്റേത്. അങ്ങേയറ്റം വിനയാന്വിതനായിരുന്നു. എളിമയോടെയായിരുന്നു എല്ലാവരോടുമുള്ള സമീപനം. ആരെയും ആക്ഷേപിക്കുകയോ വെറുപ്പിക്കുകയോ ചെയ്യുന്നത് സഹിച്ചിരുന്നില്ല. ജീവിതത്തിൽ ഒരു നിമിഷം പോലും പാഴാക്കിയിരുന്നില്ല. സുബ്ഹിബാങ്ക് വിളിക്കുന്നതിന് ഏറെ മുമ്പുതന്നെ ഉണരും. തഹജ്ജുദ് നിസ്കാരത്തിനു ശേഷം സുബഹ് വരെ ഖുർആൻപാരായണവും കരഞ്ഞുകൊണ്ടുള്ള പ്രാർത്ഥനയും. സുബ്ഹിക്ക് ശേഷം ക്ലാസ് ആരംഭിക്കും. ഭക്ഷണത്തിനും നിസ്കാരത്തിനും പ്രാഥമിക കർമ്മങ്ങൾക്കും ആവശ്യമായ സമയം കഴിച്ച് ബാക്കി സമയം മുഴുവൻ അധ്യാപനത്തിൽ തന്നെയായിരുന്നു. രാത്രി ഏറെ വൈകിയാണ് ഉറങ്ങുക. പതിവുദിക്റുകളൊന്നും ഒരു സാഹചര്യത്തിലും മുടക്കിയിരുന്നില്ല. ഇങ്ങനെ അല്ലാഹുവിന്റെ മാർഗത്തിൽ പൂർണ്ണമായി സമർപ്പിതമായിരുന്നു ഉസ്താദിന്റെ ജീവിതം. ഇങ്ങനെ കഴിയവെ 2002 ആഗസ്റ്റ് 15ന് (ഹി 1423 ജ.ആഖിർ 6) ആ മഹാപണ്ഡിതൻ ഈ ലോകത്തോട് വിട പറഞ്ഞു. ഒതുക്കുങ്ങൽ വീടിനടുത്തുള്ള മസ്ജിദിന്റെ അങ്കണത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു.

നബികഥ

# എന്തിനീ ദുനിയാവ്?

ഒരിക്കൽ ഈന്തപ്പന യോലകൊണ്ടുള്ള ഒരു പായയിൽ കിടന്നുറങ്ങുകയായിരുന്നു നബി(സ). ഉണർന്നപ്പോൾ പായയുടെ പാടുകൾ തിരുശരീരത്തിൽ പതിഞ്ഞിരുന്നു. ഇതു കണ്ട അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) അതിൽ തടവി വിഷമത്തോടെ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങ് പറഞ്ഞിരുന്നെങ്കിൽ തിരുമേനിക്ക് വേദനിക്കാത്ത വല്ലതും ഞങ്ങൾ വിരിച്ചു തരുമായിരുന്നല്ലോ.'

ഇതുകേട്ട തിരുദൂതരുടെ(സ) മറുപടി ഇപ്രകാരമായിരുന്നു: 'എനിക്കെന്തിനീ ദുനിയാവ്? ഒരു മരത്തണലിൽ അല്പനേരം വിശ്രമിച്ച് സ്ഥലം വിടുന്ന ഒരു യാത്രക്കാരൻ മാത്രമാണ് ഞാൻ.'

# പുത്തരി

പുത്തരി കുത്തി പാത്തുമ്മ
പത്തിരി ചുട്ടു പത്തെണ്ണം.
പത്തിരിയെല്ലാം പാത്രത്തിൽ
അടുക്കിവെച്ചു പാത്തുമ്മ.
പാത്തു പതുങ്ങി വന്നല്ലോ,
പത്തിരി കണ്ടൊരു പൂച്ചമ്മ.
പത്തിൽ നല്ലൊരു പത്തിരിയും
കടിച്ചു പാഞ്ഞേ പൂച്ചമ്മ!



അബ്ദുല്ല പേരാമ്പ്ര



ശാക്കിർ തോട്ടിക്കൽ


നവംബർ 12
ദേശീയ പക്ഷിനിരീക്ഷണ ദിനം

# കിളിക്കൂട്ടുകാർ

പക്ഷികളെ നിരീക്ഷിക്കാനും സംരക്ഷിക്കാനുമായി ജീവിതം സമർപ്പിച്ച രണ്ട് ഇന്ത്യൻപ്രതിഭകളായിരുന്നു സാലിംഅലിയും ഇന്ദുചൂഡനും. അവരെക്കുറിച്ചുള്ള വിവരണമാണ് ഈ ലക്കത്തിൽ.

## സാലിം അലി

ഇന്ത്യയുടെ പക്ഷിമനുഷ്യൻ ആരാണെന്ന് കൂട്ടുകാർക്കറിയാമോ? സാലിംഅലിയാണ് ഇങ്ങനെ വിശേഷിപ്പിക്കപ്പെടുന്നത്. പക്ഷിക്കുഞ്ഞിനെ അമ്പെയ്തു വീഴ്ത്തുന്നത് മനുഷ്യക്കുഞ്ഞിനെ വെടിവച്ചു കൊല്ലുന്നതുപോലെയാണെന്നും അത് മഹാപാത



സാലിം അലി




കമാണെന്നും വിശ്വസിച്ച പക്ഷിനിരീക്ഷകനായിരുന്നു അദ്ദേഹം. 1896 നവംബർ 12ന് മുംബൈയിൽ ജനിച്ച സാലിംഅലി ചെറുപ്പത്തിലേ പക്ഷിനിരീക്ഷണത്തിൽ തൽപരനായിരുന്നു. ഹാൻഡ്ബുക്ക് ഓഫ് ദ ഹിൽ ബേഡ്സ്, കിഴക്കൻ ഹിമാലയത്തിലെ പക്ഷികൾ, ദ ബേഡ്സ് ഓഫ് കേരള എന്നിവ പക്ഷികളെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ പ്രസിദ്ധഗ്രന്ഥങ്ങളാണ്. ‘ഫാൾ ഓഫ് എ സ്പാരോ’ (ഒരു കുരുവിയുടെ പതനം) എന്ന പേരിലാണ് സാലിം അലി ആത്മകഥയെഴുതിയത്.

പോൾഗേഥെ(1976), പത്മഭൂഷൺ (1958), പത്മവിഭൂഷൺ (1976) തുടങ്ങി ഒട്ടേറെ ബഹുമതികൾ അദ്ദേഹത്തെ തേടിയെത്തി. 1985 ൽ രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട സാലിംഅലി 1987 ജൂലൈ 27 ന് അന്തരിച്ചു. സാലിംഅലിയുടെ ജന്മദിനമായ നവംബർ 12 ദേശീയ പക്ഷിദിനമായി ആചരിക്കുന്നു.

### ഇന്ദുചൂഡൻ

കുയിലുകൾ മുട്ടയിടുന്നത് കാക്കയുടെ കൂട്ടിലാണെന്ന് കൂട്ടുകാർ കേട്ടിട്ടില്ലേ? എന്നാൽ കാക്കക്കൂട്ടിൽ മാത്രമാണോ കുയിലുകൾ മുട്ടയിടാറുള്ളത്? അല്ലെന്നു കണ്ടെത്തിയ പക്ഷിനിരീക്ഷകനാണ് കെ.കെ നീലകണ്ഠൻ എന്ന ഇന്ദുചൂഡൻ. 1923 ഏപ്രിൽ 13ന് പാലക്കാട്ടെ കാവശ്ശേരിയിൽ ജനിച്ച അദ്ദേഹം സാലിംഅലിയുടെ ശിഷ്യനാണ്. എ സപ്ലിമെന്റ് ടു ദി ബേഡ്സ് ഓഫ് കേരള ബൈ സാലിം അലി, കേരളത്തിലെ പക്ഷികൾ, പക്ഷികളുടെ അത്ഭുതപ്രപഞ്ചം, പക്ഷികളും മനുഷ്യരും തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന



കൃതികളാണ്. കേരളസർക്കാരിന്റെയും കൈരളി ചിൽഡ്രൻസ് ബുക്ക്ട്രസ്റ്റിന്റെയും പുരസ്കാരങ്ങൾ ഇന്ദുചൂഡന് ലഭിച്ചിട്ടുണ്ട്. കേരള നാചുറൽ ഹിസ്റ്ററി സൊസൈറ്റിയുടെ സ്ഥാപകനും പ്രസിഡന്റുമായിരുന്ന ഇന്ദുചൂഡൻ 1992 ജൂൺ 14ന് അന്തരിച്ചു.

**ചില പക്ഷികളെ പരിചയപ്പെടാം:**

## പ്രാവ്

സമാധാനത്തിന്റെ പ്രതീകം എന്നു വിശേഷിപ്പിക്കപ്പെടുന്ന പക്ഷിയാണ് പ്രാവ്. നമ്മുടെ പരിസരങ്ങളിൽ സാധാരണ കണ്ടുവരുന്ന പ്രാവുകളാണ് അമ്പലപ്രാവുകളും അരിപ്രാവുകളും. മണിപ്രാവ്, പൊട്ടൻചെങ്ങാലി, മേനിപ്രാവ് എന്നീ ഇനങ്ങളും കേരളത്തിൽ കാണപ്പെടാറുണ്ട്. 175 ഇനം പ്രാവുകൾ ഇന്ത്യയിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.

## മൈന

നാട്ടുമൈന, അരിമൈന, കാട്ടുമൈന എന്നിങ്ങനെ നിരവധി ഇനം മൈനകളെ നമുക്കുചുറ്റും കാണാം. നാട്ടുമൈനയുടെ ചുണ്ടിനു സമീപത്തും കണ്ണിനു ചുറ്റുമൊക്കെയായി മഞ്ഞ നിറം

കാണാം. മൈനകളിൽ കൂടുതൽ അഴക് ഇവയ്ക്കാണ്. മൈനകൾക്ക് സാധാരണ 23-26 സെ.മീ വരെ നീളമുണ്ടാകും.

## കുയിൽ

കാട്ടിലെ പാട്ടുകാരനാണ് കുയിൽ. പുള്ളിക്കുയിലും കരിങ്കുയിലുമാണ് കേരളത്തിൽ സാധാരണ കാണപ്പെടാറുള്ളത്. ഇവയ്ക്കു പുറമെ പേക്കുയിൽ, ചെങ്കുയിൽ, ചക്കയ്ക്കുപ്പുണ്ടോ കുയിൽ (വിഷുപ്പക്ഷി), പച്ചച്ചുണ്ടൻ കുയിൽ എന്നിങ്ങനെ പലതരം കുയിലുകളുണ്ട്.

## വേഴാമ്പൽ

നമ്മുടെ സംസ്ഥാന പക്ഷിയാണ് വേഴാമ്പൽ. രാജകീയപ്രൗഢിയുള്ള പക്ഷിയാണിത്. ലോകത്ത് ഏറ്റവും വലിയ ചുണ്ടുകളുള്ള പക്ഷികൂടിയാണിവ. പ്രാണികളെയും കീടങ്ങളെയും ഭക്ഷിക്കുന്ന വേഴാമ്പലിന്റെ പ്രധാന ഭക്ഷണം ചെറിയപഴങ്ങളാണ്.

## കാട

ഫാസിയാനിഡെ കുടുംബത്തിലെ പക്ഷികളിൽ ഒരിനമാണ് കാട. മനുഷ്യർ മുട്ടക്കും ഇറച്ചിക്കുമായി കാടകളെ വളർത്താറുണ്ട്. മേനിക്കാട, പൊന്തവരിക്കാട, പാറവരിക്കാട, പാഞ്ചാലിക്കാട, വരയൻകാട എന്നിങ്ങനെ പലയിനമുണ്ടിവ. ആയിരം കോഴിക്ക് അരക്കാട എന്ന ചൊല്ല് കാടമാംസത്തിന്റെ പോഷകഗുണമാണ് സൂചിപ്പിക്കുന്നത്.

## കാക്ക

നമ്മുടെ ചുറ്റും കൂടുതലായി കാണപ്പെടുന്ന പക്ഷിയാണിത്. കറുപ്പ് നിറം കാരണം പാശ്ചാത്യർ ദുശ്ശകുനമായി കണ്ടിരുന്ന കാക്കകൾ വൃത്തിയുടെ കാര്യത്തിൽ മുമ്പന്മാരാണ്. നാടൻകാക്ക, ബലിക്കാക്ക എന്നിങ്ങനെ രണ്ടിനം കാക്കകളുണ്ട്. ലോകത്ത് ഏറ്റവുമധികം കാണപ്പെടുന്ന പക്ഷിയും കാക്കതന്നെ.

## ചെമ്പോത്ത്

ഒരു ഇരപിടിയൻ പക്ഷിയാണ് ചെമ്പോത്ത്. പറക്കാൻ മടികാണിക്കുന്ന ചെമ്പോത്തുകൾ കുയിലിന്റെ കുടുംബക്കാരനാണെങ്കിലും സ്വന്തമായി കൂടൊരുക്കി മുട്ടയിടുന്നവയാണ്.




# മുത്തുനബി(സ)യും മാൻപേടയും

**ഒ**രിക്കൽ തിരുനബി(സ) ഒരു വഴിയിലൂടെ സഞ്ചരിക്കുമ്പോൾ വേടന്റെ കെണിയിലകപ്പെട്ട ഒരു മാൻപേടയെ കാണാനിടയായി. മാൻപേട പറഞ്ഞു: 'നബിയേ, എന്റെ കുഞ്ഞുങ്ങൾ അപ്പുറത്ത് വിശന്നു കഴിയുകയാണ്. ഞാനവർക്ക് പാൽ കൊടുത്ത് വേഗം തിരിച്ചു വരാം. തങ്ങളെനിക്ക് ജാമ്യം നിൽക്കുമോ?'

'ശരി. ഞാൻ ജാമ്യം നിൽക്കാം. തിരുനബി(സ) മറുപടി നൽകി.'

മാൻപേട ഓടിപ്പോയി അല്പ സമയം കഴിഞ്ഞ് തിരിച്ചുവന്നു. തിരുനബി(സ) ആ മാൻപേടയെ വെറുതെ വിടാൻ വേടനോടപേക്ഷിച്ചു. വേടൻ സമ്മതിച്ചു. മാൻപേട ഇരുവരോടും നന്ദി പറഞ്ഞ് സന്തോഷത്തോടെ കാട്ടിലേക്ക് മടങ്ങി. തിരുനബി(സ)യുടെ കരുണയിൽ ആകൃഷ്ടനായ വേടൻ സത്യമാർഗ്ഗം സ്വീകരിച്ചു.

***ഫാത്വിമ ഹുസ്ന വിപി, ക്ലാസ് 6, അൻവാറുൽ ഇസ്‌ലാം മദ്റസ, വലിയപറമ്പ്***

# രുചിയേറിയ ഉച്ചയൂൺ

**ഒ**രു ദിവസം മീനു സ്കൂളിലേക്ക് പോവുകയായിരുന്നു. വഴിയിൽ അവൾ വൃദ്ധനായ ഒരു ഭിക്ഷക്കാരനെ കണ്ടു.

അവളെ കണ്ട വൃദ്ധൻ വിശക്കുന്നുവെന്ന് വയറിൽ തൊട്ടു കാണിച്ചു. അപ്പോൾ അവൾ ഉമ്മയുടെ വാക്കുകളോർത്തു: 'പാവപ്പെട്ടവരുടെ മുമ്പിൽ അഹങ്കരിക്കരുത്. നമുക്ക് കഴിയുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുകയാണ് വേണ്ടത്.' അവൾ ഉടനെ ബാഗ് തുറന്ന് ഉച്ചയ്ക്ക് കഴിക്കാനുള്ള ഭക്ഷണപ്പൊതി ആ വൃദ്ധന് നൽകി. സന്തോഷത്തോടെ ഭക്ഷണം കഴിക്കുന്ന വൃദ്ധനോട് യാത്ര പറഞ്ഞ് അവൾ സ്കൂളിലേക്ക് പോയി. 'മീനു ഇന്നെന്താ ഇത്തിരി വൈകിയത്?' ടീച്ചർ അവളോട് ചോദിച്ചു. അവൾ നടന്നതെല്ലാം വിവരിച്ചു. അപ്പോൾ ടീച്ചർ അവളോട് പറഞ്ഞു: 'നല്ല കാര്യമാണ് മോൾ ചെയ്തത്. ഇന്ന് ഉച്ചഭക്ഷണം നമുക്കൊരുമിച്ചു കഴിക്കാം.' അവൾക്ക് സന്തോഷമായി.

***യുമൈറ മിസ്രിയ, ക്ലാസ് 4, മർകസുൽ ബദ്‌രിയ, പാലോട്ടിൽ***

# കത്തുകൾ

*പ്രിയപ്പെട്ട ബാലകുസുമത്തിന്,*

*നിന്നെ കൈയിൽ കിട്ടിയാൽ പിന്നെ മുഴുവൻ വായിച്ചേ താഴെ വയ്ക്കൂ. സഫറും മിസ്റ്റർ മണ്ടപ്പനും ഹോജയും അബൂട്ടിയുമെല്ലാം വായിക്കും. ഒരുപാട് നല്ല അറിവുകളും കഥകളും കവിതകളുമായി നീ വരുമെന്ന പ്രതീക്ഷയോടെ,*

***ഫാത്വിമ ശുഐബ്, ക്ലാസ് 2, ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂൾ, നാദാപുരം***



*പ്രിയപ്പെട്ട ബാലകുസുമത്തിന്,*


*കുസുമത്തിലെ എല്ലാ കഥകളും ഞാൻ വായിക്കാറുണ്ട്. ഹോജാ കഥകളാണ് എനിക്ക് ഏറെയിഷ്ടം. മിസ്റ്റർ മണ്ടപ്പനും രസകരം തന്നെ. ഇംഗ്ലീഷ് കോർണർ പുതിയ വാക്കുകൾ സമ്മാനിക്കുന്നു. അടുത്ത ലക്കത്തിനുവേണ്ടി കാത്തിരിക്കുന്നു.*

***മുഹമ്മദ്, ക്ലാസ് 4, ദാറുൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂൾ, നാദാപുരം***

*പ്രിയ ബാലകുസുമത്തിന്,*

*നിന്റെ കവിതകളും കഥകളുമെല്ലാം സൂപ്പറാണ് കേട്ടോ. അവയെല്ലാം വായിക്കാൻ നല്ല രസമാണ്. ഓരോ ദിവസവുമെണ്ണി നീ വരുന്നതും കാത്തിരിപ്പാണ് ഞാൻ. ഉപ്പയില്ലാത്ത അബൂട്ടിയുടെ കഥ വായിച്ചാൽ കണ്ണുകൾ നിറയും. സഫറിന്റെ കഥകൾ ഓരോ ലക്കത്തിലും പുതിയ ഗുണപാഠം നൽകുന്നു. എല്ലാവരും എന്റെ കൂട്ടുകാരാണ് കേട്ടോ. സ്നേഹത്തോടെ,*

***ഫൗസാന ബത്തൂൽ സി. പി, ക്ലാസ്സ് 7, നൂറുൽഹുദാ മദ്റസ, കാരാട്***



# ചതി വലകൾ

സുനീഷ് മുയിപ്പോത്ത്

രാവിലെ ഉറക്കമുണർന്ന കുഞ്ഞൻപാറ്റക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. മുറ്റത്തേക്കുള്ള വഴിയിൽ നല്ലൊരു വെളുത്ത തൊട്ടിൽ തൂങ്ങിക്കിടക്കുന്നു. 'ആഹാ! എന്തു ഭംഗിയുള്ള തൊട്ടിൽ! ഇതിനുമുമ്പ് ഇങ്ങനെയൊരു തൊട്ടിൽ എവിടെയും കണ്ടിട്ടില്ല.' കുഞ്ഞൻ പാറ്റ അമ്മയെ നീട്ടി വിളിച്ച് അകത്തേക്കോടി.

അടുക്കളയിൽ പലഹാരങ്ങളുണ്ടാക്കുന്ന തിരക്കലായിരുന്നു അമ്മപ്പാറ്റ. കുഞ്ഞിച്ചിറകുകൾ കൊണ്ട് അമ്മയെ വട്ടം പിടിച്ച് കുഞ്ഞൻപാറ്റ സന്തോഷത്തോടെ പറഞ്ഞു: 'നോക്കൂ അമ്മേ, ഉമ്മറത്ത് ആരോ കാണാൻ ചന്തമുള്ള മിനുമിനുത്തൊരു തൊട്ടിൽ



കെട്ടിയിരിക്കുന്നു.' അവൾ അമ്മയെ പിടിച്ചുവലിച്ച് ഉമ്മറത്തു വന്നു. 'എവിടെ, കാണട്ടേ.' അമ്മ ആകാംക്ഷയോടെ ചോദിച്ചു.

'ദാ അമ്മേ, അവിടെ നോക്കൂ. ഞാനതിൽ അല്പം ആടി രസിച്ചോട്ടെ അമ്മേ?'

തൊട്ടിൽ കണ്ടതും അമ്മപ്പാറ്റ ഞെട്ടലോടെ കുഞ്ഞൻപാറ്റയെ വാരിയെടുത്ത് അകത്തേക്കോടി. അമ്മപ്പാറ്റയുടെ നെഞ്ച് ടക് ടക് എന്ന് ഉറക്കെ മിടിക്കുന്നുണ്ടായിരുന്നു.

പേടിച്ചുപോയ കുഞ്ഞൻപാറ്റ അമ്മയോട് ചോദിച്ചു: 'ആ തൊട്ടിലിനെന്താണമ്മേ കുഴപ്പം?'

അമ്മ പറഞ്ഞു: 'മോളേ, അത് നിനക്ക് ആടി രസിക്കാനുള്ള ഊഞ്ഞാലൊന്നുമല്ല. ഒന്നാം തരം ചിലന്തിവലയാണത്. മോളതിൽ പെട്ടിരുന്നെങ്കിൽ ആ ദുഷ്ടൻ നിന്നെ പിടിച്ചു തിന്നുമായിരുന്നു.'

കുഞ്ഞൻപാറ്റക്ക് പേടിയായി. അവളുടെ ചിറകുകൾ മെല്ലെ തടവിക്കൊണ്ട് അമ്മപ്പാറ്റ പറഞ്ഞു: 'പുറത്തിറങ്ങുമ്പോൾ ശ്രദ്ധിക്കണം, ഇതുപോലുള്ള പലരും വലവിരിച്ച് കാത്തിരിക്കുന്നുണ്ടാവും, തരം കിട്ടുമ്പോൾ നമ്മെ ചതിയിൽ പെടുത്താൻ. അതുകൊണ്ട് മുതിർന്നവരുമായി ആലോചിക്കാതെ കുഞ്ഞുങ്ങൾ ഒരു കാര്യത്തിനും ഇറങ്ങിപ്പുറപ്പെടരുത്.'

'ശരി അമ്മേ.' കുഞ്ഞിപ്പാറ്റ അമ്മയ്ക്കു വാക്കു നൽകി.



### നവംബർ : 1
### കേരളപ്പിറവി ദിനം

1956 നവംബർ ഒന്നിനാണ് കേരളം എന്ന സംസ്ഥാനം നിലവിൽ വന്നത്. എല്ലാ വർഷവും നവംബർ 1 കേരളപ്പിറവി ദിനമായി ആചരിക്കുന്നു.

**കേരളത്തിലെ ആദ്യത്തെ**

**നാഷണൽ പാർക്ക്** - ഇരവികുളം

**സമ്പൂർണ്ണ വൈദ്യുതീകൃത ജില്ല** - പാലക്കാട്

**അന്താരാഷ്ട്ര വിമാനത്താവളം** - തിരുവനന്തപുരം

**പത്രം** - രാജ്യസമാചാരം


**മുഖ്യമന്ത്രി** - ഇഎംഎസ് നമ്പൂതിരിപ്പാട്


**വിദ്യാഭ്യാസ മന്ത്രി** - ജോസഫ് മുണ്ടശ്ശേരി

**ചിത്രശലഭ സങ്കേതം** - ആറളം

# ചതിയൻ തവള


വിശന്നു വലഞ്ഞ് നടക്കുകയായിരുന്നു മാക്കൻ തവള
ഹാവൂ എന്തൊരു വിശപ്പ്! ആ മാളത്തിൽ വല്ല എലികളുമുണ്ടോ എന്നു നോക്കാം


മാക്കന്റെ വിളികേട്ട് ഒരെലി മാളത്തിനു പുറത്തുവന്നു
സുഹൃത്തേ, വിശന്നിട്ടു വയ്യ. അൽപം ഭക്ഷണം തരാമോ?
അതിനെന്താ അകത്തേക്ക് വന്നോളൂ
ഹാവൂ രക്ഷപ്പെട്ടു
മാളത്തിനകത്ത്
ഈ സഹായം ഞാനൊരിക്കലും മറക്കില്ല സുഹൃത്തേ.
ഇനി ഇടയ്ക്കിടെ ഇവിടെ വരാമല്ലോ... സന്തോഷമേ ഉള്ളൂ.


ഭക്ഷണം കഴിച്ച് വയറുനിറഞ്ഞപ്പോൾ
അൽപം കൂടി വെള്ളം കിട്ടിയാൽ കൊള്ളാമായിരുന്നു.
ഇപ്പോൾ കൊണ്ടുവരാം സുഹൃത്തേ...
വെള്ളത്തിന് കാത്തിരിക്കാൻ തുടങ്ങിയിട്ട് നേരമിത്തിരിയായല്ലോ
അൽപസമയം കഴിഞ്ഞ്
ഇതാ സുഹൃത്തേ വെള്ളം
ങ് ഹാ!
വെള്ളം കൊണ്ടുവരാൻ വൈകിയതിന് ഇവന് നല്ലൊരു പണികൊടുക്കാം.
നമ്മൾ സുഹൃത്തുക്കളായല്ലോ. ഇനി എന്റെ കൂടെ ഗ്രാമത്തിലേക്കു വിരുന്നിന് വരുന്നോ?
അതിനെന്താ വരാമല്ലോ. ഇപ്പോൾ തന്നെ ഇറങ്ങാം



ഇരുവരും ഗ്രാമത്തിലേക്ക് യാത്രതിരിച്ചു
ഹായ്, മനോഹരമായ കാഴ്ച്ചകൾ
ഇവനെ ആ പുഴയിൽ മുക്കിക്കൊല്ലാം
സുഹൃത്തേ ആ പുഴ നീന്തിക്കടന്നുവേണം എന്റെ വീട്ടിലെത്താൻ
അതിനെനിക്ക് നീന്താൻ അറിയില്ലല്ലോ
അതിനൊരു വിദ്യയുണ്ട്; നമ്മുടെ കാലുകൾ ചേർത്തു കെട്ടാം. ഞാൻ നീന്തുമ്പോൾ നീ എന്റെ പിറകിൽ വന്നാൽ മതി.
ശരി സുഹൃത്തേ
കാലുകൾ കുട്ടിക്കെട്ടി തവളയും എലിയും പുഴക്കരയിലെത്തി
പേടിക്കാനൊന്നുമില്ല. വേനലായതുകൊണ്ട് പുഴക്ക് ഒഴുക്ക് കുറവാണ്.
ശ്രദ്ധിക്കണേ



മരത്തിനു മുകളിൽ നിന്ന് ഒരു പരുന്ത് ഇതെല്ലാം കാണുന്നുണ്ടായിരുന്നു.
ഹായ്! കോളടിച്ചു ഒരു എലിയും തവളയും
ആദ്യം എലിയെ റാഞ്ചാം എന്നിട്ടാവാം തവളയെ!
ഉടനെ
വൂഷ്!
ഹയ്യോ!
ഹയ്യോ! ചതിച്ചല്ലോ!
പരുന്തിന്റെ കാലിൽ എലിയും കൂടെ കയറിൽ തവളയും
ഹായ്! ഒരു റാഞ്ചലിന് രണ്ട് ഇരകൾ!
ചങ്ങാതിയെ ചതിക്കാൻ ശ്രമിച്ചതിന് കിട്ടിയ പ്രതിഫലം

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. ഇന്ത്യയുടെ 79-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ പ്രമേയം എന്തായിരുന്നു?

2. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സാക്ഷരസംസ്ഥാനം?

3. അടുത്തിടെ ഏത് സംസ്ഥാനത്തെ രാഷ്ട്രപതി ഭരണമാണ് ആറുമാസം കൂടി ദീർഘിപ്പിച്ചത്?

4. കാർഷിക മേഖലയിലെ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുള്ള സി അച്യുതമേനോൻ പുരസ്കാരത്തിനർഹമായ ഗ്രാമപഞ്ചായത്ത്?

5. ഈയിടെ പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി പ്രഖ്യാപിച്ച, അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന ബംഗാളികളെ മടക്കി വിളിക്കുന്ന പദ്ധതി?

6. വായന പ്രതിസന്ധി പരിഹരിക്കാൻ പുസ്തകങ്ങൾക്കുള്ള വിൽപ്പനനികുതി നിർത്തലാക്കിയ യൂറോപ്യൻ രാജ്യം?

7. ഈയിടെ അന്തരിച്ച, കോടതിമുറികളിൽ കാരുണ്യവും സഹാനുഭൂതിയും പ്രകടിപ്പിച്ച വിധികളിലൂടെ പ്രസിദ്ധി നേടിയ യുഎസിലെ ന്യായാധിപൻ?

8. 2025 ലെ വേൾഡ് പാരഅത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന് വേദിയായ ഇന്ത്യൻ നഗരം?

9. ക്രിക്കറ്റിന്റെ 3 ഫോർമാറ്റുകളിലും സെഞ്ചുറി നേടിയ ആദ്യ ഇന്ത്യൻ വനിതാതാരം?

10. ക്യാൻസറിനെ പ്രതിരോധിക്കുന്ന എന്ററോമിക്സ് വാക്സിൻ വികസിപ്പിച്ച രാജ്യം?

11. ഹിന്ദിയിൽ റേഡിയോ പ്രക്ഷേപണം ആരംഭിച്ച ഗൾഫ് രാജ്യം?

12. ഡിജിറ്റൽ പെയ്മെന്റുകൾക്കായി ഇന്ത്യയുടെ യുപിഐ സംവിധാനം സ്വീകരിച്ച ആദ്യ ദക്ഷിണഅമേരിക്കൻ രാജ്യം?

13. വേൾഡ് ക്രാഫ്റ്റ് സിറ്റി പദവി ലഭിച്ച ഇന്ത്യൻ നഗരം?

14. സ്ത്രീ സുരക്ഷ ശക്തമാക്കാനുള്ള റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സംരംഭം?

15. സംഗീതമേഖലയിലെ സമഗ്രസംഭാവനയ്ക്ക് തമിഴ്നാട് സർക്കാർ നൽകുന്ന എം.എസ് സുബ്ബലക്ഷ്മി പുരസ്കാരത്തിന്



1. ഫ്രാങ്ക് കാപ്രിയോ, 2. സ്മൃതി മന്ഥാന, 3. യേശുദാസ്, 4. ഒസുമാനെ ഡെംബലേ, 5. എം ലീലാവതി

അർഹനായതാര്?

16. മികച്ച ഫുട്ബോൾ താരത്തിനുള്ള ഈ വർഷത്തെ ബാലൻഡിയോർ പുരസ്കാരം ലഭിച്ച ഫ്രഞ്ച് താരം?

17. ഭൂട്ടാനിൽ നിന്ന് അനധികൃതമായി കേരളത്തിലെത്തിച്ച വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനായി കസ്റ്റംസ് നടത്തിയ ഓപ്പറേഷൻ?

18. സെപ്റ്റംബറിൽ തായ്‌വാനിലും ചൈനയിലും വീശിയടിച്ച ചുഴലിക്കാറ്റ്?

19. യുഎന്നിൽ ആദ്യമായി ഫലസ്തീൻ സ്വതന്ത്രരാജ്യമായി അംഗീകരിച്ച രാജ്യം?

20. ജപ്പാനിലെ ടോക്കിയോയിൽ നടന്ന 2025ലെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഏറ്റവും കൂടുതൽ മെഡൽ നേടിയ രാജ്യം?

21. 2025ലെ ഏഷ്യാകപ്പ് ക്രിക്കറ്റ് കിരീടം നേടിയ രാജ്യം?

22. റെയിൽ അധിഷ്ഠിത മൊബൈൽ ലോഞ്ചറിൽ നിന്ന് ഈയിടെ ഇന്ത്യ വിക്ഷേപിച്ച മിസൈൽ?

23. 2025ലെ കടമ്മനിട്ട രാമകൃഷ്ണൻ പുരസ്കാരം ലഭിച്ചതാർക്ക്?

24. 2025ലെ കേരള ക്രിക്കറ്റ് ലീഗ് കിരീടം നേടിയതാര്?

25. കൊറിയയിലെ ഏറ്റവും വലിയ സാഹിത്യ അംഗീകാരമായ പാക് ക്യോങ്‌നി പുരസ്കാരം നേടിയ ബംഗാളി എഴുത്തുകാരൻ?

**ഉത്തരങ്ങൾ**

**ഉത്തരങ്ങൾ**: 1. നയാഭാരത്, 2. കേരളം, 3. മണിപ്പൂർ, 4. മീനങ്ങാടി (വയനാട്), 5. ശ്രമശ്രീ, 6. ഡെന്മാർക്ക്, 7. ഫ്രാങ്ക് കാപ്രിയോ, 8. ന്യൂഡൽഹി, 9. സ്മൃതി മന്ഥാന, 10. റഷ്യ, 11. കുവൈത്ത്, 12. പെറു, 13. ശ്രീനഗർ, 14. മേരി സഹേലി, 15. യേശുദാസ്, 16. ഒസുമാനെ ഡെംബലേ, 17. ഓപ്പറേഷൻ നുംഖോർ, 18. രസാഗ, 19. അൾജീരിയ, 20. അമേരിക്ക, 21. ഇന്ത്യ, 22. അഗ്നി - പി, 23. എം ലീലാവതി, 24. കൊച്ചി ബ്ലൂ ടൈഗേഴ്സ്, 25. അമിതാവ് ഘോഷ്.



**സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ**

# മിർഖാസിം അലിഖാൻ

**മുഹ്സിൻ കളത്തിൽകുണ്ട്**



ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നിർണായക പങ്കുവഹിച്ച നേതാവായിരുന്നു മിർഖാസിം അലിഖാൻ. മിർസയ്യിദ് റാസിഖാന്റെ മകനായി ബംഗാളിലെ ലോഹാനിപ്പൂർ ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്.

1760 മുതൽ 1763 വരെ ബംഗാളിലെ നവാബായിരുന്നു മിർഖാസിം അലിഖാൻ. ഭാര്യാപിതാവായ മിർജാഫറിന്റെ അനന്തരാവകാശിയായാണ് ബ്രിട്ടീഷ് ഈസ്റ്റ്ഇന്ത്യ കമ്പനിയുടെ നവാബായി അദ്ദേഹത്തെ നിയമിച്ചത്. എന്നാൽ ബ്രിട്ടീഷുകാരുടെ ക്രൂരതകൾ നേരിൽ കണ്ട അദ്ദേഹം അവർക്കെതിരെ പോരാട്ടത്തിനിറങ്ങി.

## കമ്പനിക്കെതിരെ

കമ്പനി ഭരണാധികാരികൾ മിർജാഫറിനെ സ്ഥാനഭ്രഷ്ടനാക്കിയതോടെ 1760 സെപ്റ്റംബർ 27ന് മിർഖാസിം ബംഗാളിന്റെ നവാബായി. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും അതിക്രമങ്ങൾ അക്കാലത്ത് ജനങ്ങളെ വളരെയേറെ ബുദ്ധിമുട്ടാക്കിയിരുന്നു. തങ്ങൾക്കെതിരെ പ്രതി

ഷേധിക്കുന്നവരെ തടവിലിട്ടും ശാരീരികമായി പീഡിപ്പിച്ചും ബ്രിട്ടീഷുകാർ ഇന്ത്യയിലുട നീളം വിഹരിച്ചു. ഈ അതി ക്രമങ്ങളിൽ ഏറെ ദുഃഖിച്ച നവാബ് സ്വതന്ത്രമായ തീരു മാനങ്ങൾ കൈക്കൊള്ളാൻ തുടങ്ങി. പ്രതിഷേധമറിയിച്ച് 1762 മെയ് മാസത്തിൽ അദ്ദേ ഹം കമ്പനി കൗൺസിലിന് കത്തെഴുതി. എന്നാൽ, പ്രതി കരണമൊന്നും ഉണ്ടായില്ല. ഉദ്യോഗസ്ഥരുടെ അതിക്ര മങ്ങൾ നാൾക്കുനാൾ വർദ്ധി ച്ചുകൊണ്ടിരുന്നു. അതോടെ മിർഖാസിം ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി യുദ്ധം ചെയ്യാൻ തീരുമാനിച്ചു.

## ബക്സർ യുദ്ധവും പശ്ചാത്തലവും

മിർഖാസിം തങ്ങളുടെ ചൊൽപ്പടിക്കു നിൽക്കുമെന്ന് ബ്രിട്ടീഷ് ഈസ്റ്റ്ഇന്ത്യാ കമ്പ നി പ്രതീക്ഷിച്ചിരുന്നു. പക്ഷേ, ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ബീഹാറിന്റെ ഡെപ്യൂട്ടി ഗവർ ണറായിരുന്ന രാം നാരായൺ കണക്കുകൾ സമർപ്പിക്കാൻ വിസമ്മതിച്ചതോടെ സംഘർ ഷം ആരംഭിച്ചു. 1762ൽ അദ്ദേ ഹം ബംഗാളിന്റെ തലസ്ഥാനം മുർഷിദാബാദിൽ നിന്ന് മോംഘിറിലേക്ക് മാറ്റി. 1763 ജൂൺ 10ന് മിർഖാസിം ഈ സ്റ്റ് ഇന്ത്യാ കമ്പനിക്കെതിരെ യുദ്ധമാരംഭിച്ചു. അവധിലെ നവാബായിരുന്ന ശുജാഉദ്ദൗല യുടെയും ചക്രവർത്തി ഷാആ ലം രണ്ടാമന്റെയും പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു. ബംഗാളിനെ വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെ അവർ ഒരു കോൺഫെഡറസി രൂപീ കരിച്ചെങ്കിലും 1764 ഒക്ടോബർ 22ന് ബക്സറിൽ പരാജയം സമ്മതിക്കേണ്ടി വന്നു.

അവധിലെയും ഡൽഹിയി ലെയും സൈനികരിൽ നിന്ന് സഹായം ലഭിക്കുമെന്ന പ്രതീ ക്ഷയിലായിരുന്നു മിർഖാസിം ബക്സറിൽ കമ്പനിയെ നേരി ട്ടത്. എന്നാൽ, ബ്രിട്ടീഷുകാ രുടെ ഗൂഢാലോചന കാരണം അവർ കാഴ്ചക്കാരായി ഒതു ങ്ങി. കീഴടങ്ങാൻ വിസമ്മതിച്ച് മിർഖാസിം നാടുവിട്ടു. ബ്രിട്ടീ ഷുകാർക്കെതിരെ പോരാടാൻ വിവിധ തദ്ദേശീയ ഭരണാധി കാരികളെ അദ്ദേഹം രഹസ്യ മായി സമീപിച്ചു. എന്നാൽ, അതെല്ലാം വിഫലമായി. 1777ൽ ഡൽഹിയിലായിരുന്നു അദ്ദേഹത്തിന്റെ വിയോഗം.

നോവൽ – 25

മുജ്തബ നസ്വീഹ്

# വിസ്മയ ലോകത്തേക്ക്

# അബൂട്ടി

വെള്ളരൂപങ്ങൾ അടുത്തു വന്നപ്പോൾ അബൂട്ടിക്കു വ്യക്തമായി; ഉസ്താദുമാർ തന്നെ. അങ്ങ് ദൂരെനിന്ന് തന്നെ കാണാൻ വരുകയാണല്ലോ. ആഹ്ലാദം കൊണ്ടവനു വീർപ്പുമുട്ടി. പടച്ചോനേ, അവർ ഇങ്ങോട്ട് വന്നുകയറുമ്പോൾ സ്വീകരിക്കാൻ ഉമ്മയും എളാപ്പയുമൊന്നും ഇവിടെയില്ലല്ലോ. അവർക്ക് ചായയോ മധുരവെള്ളമോ കൊടുക്കാൻ ആരാണുള്ളത്?

വീട് ഏതാണെന്നറിയാതെ അവർ പ്രയാസപ്പെടുമെന്നു തോന്നിയപ്പോൾ അബൂട്ടി വീട്ടിലേക്കുള്ള പടവുകൾ ചാടിയിറങ്ങി റോഡിലേക്കോടി. മുന്നോട്ടോടിച്ചെന്ന് മര്യാദയോടെ സലാം പറഞ്ഞു. ഉസ്താദുമാർക്ക് സന്തോഷമായി. അവർ അബൂട്ടിയോട് വിശേഷങ്ങൾ ഓരോന്നായി ചോദിച്ചറിഞ്ഞു. അബൂട്ടിക്ക് ഇവിടെ സുഖമാണെന്നറിഞ്ഞപ്പോൾ അവർക്കു സന്തോഷം.

‘അപ്പോ അബൂട്ടിക്കിനി ഇവിടെ കഴിയാനാണോ ആഗ്രഹം?’

‘അല്ല. ഇവിടെനിന്ന് പഠിക്കാനൊക്കൂല ഉസ്താദേ.’ അവൻ പെട്ടെന്ന് പറഞ്ഞു.

അപ്പോഴേക്കും ഉമ്മ ഓടിയെത്തിയല്ലോ. രണ്ടു വെള്ളക്കുപ്പായക്കാർ വീട്ടിലേക്കു കയറിയ വിവരം ആരോ പറഞ്ഞതുകേട്ടപ്പോൾ പണി നിർത്തി ഓടി വന്നതാണ് ഉമ്മ. അബൂട്ടിക്ക് ആശ്വാസമായി. ഉസ്താദുമാർക്ക് ഉമ്മ

ചായ കൊടുക്കുമല്ലോ.

ചായ കുടിക്കുമ്പോൾ ഉസ്താദ് ഉമ്മ കേൾക്കാനായി അല്പം ഉറക്കെ പറഞ്ഞു:

'ഞങ്ങൾ അബൂട്ടിയെ കൊണ്ടുപോകാൻ വന്നതാണ്.

'ഇപ്പോ തന്നെയോ?' ഉമ്മ ഒരു ഞെട്ടലോടെ ചോദിക്കുന്നു.

'എന്താ പ്രയാസണ്ടോ?'

'അബൂട്ടിക്കിഷ്ടാണെങ്കിൽ പൊയ്ക്കോട്ടെ. എന്നാലും, ഇത്ര പെട്ടെന്നെങ്ങോട്ടാണ്?'

അപ്പോൾ റഹീമുസ്താദ് പറഞ്ഞു: 'രണ്ടുദിവസം കഴിഞ്ഞിട്ടു വന്നാ മതി. ടൗണിലെ ദഅ്‌വകോളേജിൽ അവന് ഞങ്ങൾ അഡ്മിഷൻ വാങ്ങിയിട്ടുണ്ട്. ഒപ്പം സ്കൂളിലും പഠിക്കാം. നല്ല സ്ഥാപനമാണ്.'



ഉമ്മ 'അൽഹംദുലില്ലാഹ്' എന്ന് അല്ലാഹുവിനെ സ്തുതിക്കുന്നതു കേട്ടു.



തു കാണാൻ നല്ല രസം. എന്നും വൈകുന്നേരം അബൂട്ടി ആ മനോഹരമായ കാഴ്ച നോക്കിയിരിക്കാറുണ്ട്. കൂട്ടുകാരോടൊത്ത് അതിൽ കുളിച്ചു കളിക്കാറുണ്ട്. ഇന്നാ കാഴ്ചകൾ കണ്ടപ്പോൾ മനസ്സിലൊരു സങ്കടം, ഇവയെല്ലാം വിട്ടുപോകണമല്ലോ. പെട്ടെന്ന് അവന്റെ മനസ്സു പറഞ്ഞു: 'പഠിക്കാനാണല്ലോ പോകുന്നത്. അതുകൊണ്ട് ഒരു സങ്കടവും വേണ്ട.'

**** ****

എളാപ്പ വാങ്ങിക്കൊടുത്ത പുതുവസ്ത്രങ്ങൾ ബാഗിൽ കുത്തിനിറച്ച് അബൂട്ടി യാത്രക്കൊരുങ്ങി. എല്ലാം വെള്ളവസ്ത്രങ്ങളാണ്. അതിൽ അഴുക്കു പുരളാൻ അനുവദിക്കരുതെന്ന് ഉമ്മ പ്രത്യേകം പറഞ്ഞിട്ടുണ്ട്. പിന്നെയും പല ഉപദേശങ്ങളും ഉമ്മ നൽകിയിട്ടുണ്ട്. കൂട്ടുകാരുമായി വഴക്കിടരുതെന്നും

അബൂട്ടിയും പറഞ്ഞു: 'അൽഹംദുലില്ലാഹ്, അൽഹംദുലില്ലാഹ്.'

സൂര്യൻ പടിഞ്ഞാറോട്ട് ചാഞ്ഞിരിക്കുന്നു. മരങ്ങളിലും തേയിലച്ചെടികളിലും മഞ്ഞക്കതിരുകൾ പരന്ന

ഉസ്താദുമാരെ ബഹു മാനിക്കണമെന്നും മറ്റും. അവസാനം ഉമ്മ കെട്ടിപ്പിടിച്ച് ഉമ്മകൾ തന്നപ്പോൾ ചൂടുവെള്ളം തലയിലൂടെയും മുഖത്തിലൂടെയുമൊഴുകി. ഉമ്മയുടെ കണ്ണീരാണ്. ഉമ്മ തന്നെ തട്ടം കൊണ്ട് അതെല്ലാം തുടയ്ക്കുന്നുണ്ടായിരുന്നു. ബാഗുമെടുത്ത് മുറ്റത്തേക്കിറങ്ങിയപ്പോൾ മോളൂട്ടി കൈവീശിച്ചിരിച്ചു. അവൾക്കൊരുമ്മ കൂടി കൊടുത്തുകൊണ്ട് അബൂട്ടി പറഞ്ഞു: 'ഇക്കാക്ക പോയി വരാട്ടോ.'

'അബൂട്ട്യേ, വേഗം വാ. വൈകിയാൽ ബസ് കിട്ടൂലാ.' എളാപ്പ റോഡിൽ നിന്ന് വിളിക്കുന്നു. അബൂട്ടി പടവുകൾ ചാടിയിറങ്ങി ഓടുമ്പോൾ ഉമ്മ വിളിച്ചുപറയുന്നുണ്ടായിരുന്നു: 'അബൂട്ടിമോനേ, ശ്രദ്ധിച്ചുപോകണേ. വഴിയിലൊന്നും വീണുപോകല്ലേ.'

**** ****

ദഅ്‌വകോളേജ് അബൂട്ടിയുടെ മുമ്പിൽ ഒരു പുതിയലോകം തുറന്നുവെച്ചിരിക്കുന്നു. എത്ര കണ്ടാലും അനുഭവിച്ചാലും വിസ്മയം തീരാത്ത ലോകം. അനേകം നിലകളുള്ള കുറേ കെട്ടിടങ്ങൾ. അവയിലെല്ലാം നിറയെ വിദ്യാർത്ഥികൾ. അബൂട്ടിയെപ്പോലുള്ള കൊച്ചുകുട്ടികൾ മുതൽ ഉസ്താദുമാരെപ്പോലെ താടിയും തലപ്പാവുമണിഞ്ഞ വലിയവർ വരെ പഠിക്കുന്ന വിദ്യാലയം. വിശാലമായ ഒരു ഹാളിലാണ് അബൂട്ടിയെപ്പോലുള്ള കുട്ടികൾക്ക് താമസിക്കാൻ സൗകര്യം ഒരുക്കിയിരിക്കുന്നത്. കിടക്കാനൊരു കൊച്ചുകട്ടിലും വിരിപ്പും. അതിനടുത്തുതന്നെ വസ്ത്രങ്ങളും മറ്റും സൂക്ഷിക്കാനുള്ള സൗകര്യവുമുണ്ട്. ഭക്ഷണത്തിനു സമയമാകുമ്പോൾ കാന്റീനിൽ പോകണം. ഇഷ്ടപ്പെട്ട ഭക്ഷണം തന്നെ. നിസ്കരിക്കാൻ പള്ളിയിൽ പോകണം. വെള്ളവസ്ത്രം ധരിച്ച കുട്ടികൾ പള്ളിയിൽ അണിനിരക്കുന്ന കാഴ്ച രസകരം തന്നെ! ഇടയ്ക്കിടെ ചില കുസൃതിത്തരങ്ങളും അടിപിടിയുമൊക്കെ ഉണ്ടാകുമെങ്കിലും ഉസ്താദുമാരെ കാണുന്നതോടെ എല്ലാം ശാന്തമാകും. ഉസ്താദുമാരെ പേടിയല്ല; ബഹുമാനമാണ്. അതുകൊണ്ടു തന്നെ അവരെ കാണുമ്പോൾ എല്ലാവരും ശാന്തരാകുന്നു.

# താമരയിതളിൽ

**താ**മരയിതളിൽ തവളക്കുട്ടൻ
താളമടിക്കുന്നു.
പൂവിലിരുന്നൊരു ചെറുപൂമ്പാറ്റ
പൂമ്പൊടി നുള്ളുന്നു.
താഴെ മിനുങ്ങും കുളിർവെള്ളത്തിൽ
മീനുകളോടുന്നു.
തങ്കനിറത്തിൽ പൂങ്കിളിയൊന്നവ
കണ്ടു രസിക്കുന്നു.

ആനപ്പുഴക്കൽ അനിൽ



അടുത്തുതന്നെ സ്കൂളുണ്ട്. അഞ്ചാംക്ലാസിലാണ് അബൂട്ടിക്ക് അഡ്മിഷൻ കിട്ടിയത്. മദ്റസാക്ലാസുകൾ കഴിഞ്ഞാൽ സ്കൂളിലേക്ക് പോകണം.

വൈകുന്നേരം ക്ലാസ് കഴിഞ്ഞെത്തിയാൽ കളിയാണ്, സന്ധ്യവരെ! കളിക്കാൻ വിശാലമായ മൈതാനമുണ്ട്. എല്ലാ നിലയ്ക്കും സന്തോഷം തന്നെ.

ദിവസങ്ങൾ പിന്നിട്ടപ്പോഴേക്കും അബൂട്ടി പഠനത്തിൽ മിടുക്ക് തെളിയിച്ചു. അനുസരണത്തിലും കളിയിലുമെല്ലാം കഴിവു തെളിയിച്ചു. അങ്ങനെ ഉസ്താദുമാരുടെ പ്രിയപ്പെട്ട ശിഷ്യനും കുട്ടികളുടെ ഉറ്റ തോഴനുമായി.

(തുടരും)



# ഇന്ത്യയിലെ സംസ്ഥാനങ്ങൾ 8

## കേരളം




- തലസ്ഥാനം: തിരുവനന്തപുരം
- വിസ്തീർണം: 38,863 ചകിമീ
- ജനസംഖ്യ: 3,34,06,061
- ജനസാന്ദ്രത: 860/ച.കി.മീ
- സ്ത്രീപുരുഷാനുപാതം: 1084/1000
- സാക്ഷരത: 94%
- ഭാഷ: മലയാളം
- ലോക്സഭാ സീറ്റുകൾ: 20
- രാജ്യസഭാ സീറ്റുകൾ: 9
- അസംബ്ലി സീറ്റുകൾ: 140

### ചരിത്രം

» 1956 നവംബർ ഒന്നിന് കേരളം നിലവിൽവന്നു.

» കോട്ടയം ജില്ലയിലെ തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രമാണ് ഇന്ത്യയിൽ ഏറ്റവും ആദ്യം നട തുറക്കുന്ന ക്ഷേത്രം. (വെളുപ്പിനു രണ്ടു മണിക്ക്)

» ഇന്ത്യയിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയം നിർമിക്കപ്പെട്ടത് തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരാണ്.

» കൊടുങ്ങല്ലൂരാണ് ഇന്ത്യയിലെ ആദ്യത്തെ മുസ്ലിംപള്ളിയായ ചേരമാൻ ജുമാമസ്ജിദ് നിർമിക്കപ്പെട്ടത്.

### അതിർത്തികൾ

പടിഞ്ഞാറ് - അറബിക്കടൽ
വടക്കുകിഴക്ക് - കർണാടക
കിഴക്കുതെക്ക് - തമിഴ്നാട്

### ജില്ലകൾ

1. തിരുവനന്തപുരം, 2. കൊല്ലം, 3. പത്തനംതിട്ട, 4. ആലപ്പുഴ, 5. കോട്ടയം, 6. ഇടുക്കി, 7. എറണാകുളം, 8. തൃശൂർ, 9. പാലക്കാട്, 10. മലപ്പുറം, 11. കോഴിക്കോട്, 12. വയനാട്, 13. കണ്ണൂർ, 14. കാസർകോട്.

- **സംസ്ഥാന പുഷ്പം :** കണിക്കൊന്ന
- **സംസ്ഥാന വൃക്ഷം :** തെങ്ങ്
- **സംസ്ഥാന പക്ഷി :** മലമുഴക്കി വേഴാമ്പൽ
- **സംസ്ഥാന മൃഗം :** ആന

ബീവി ഖദീജ(റ) ചരിത്രം - 2

മക്കയിലെ

# പ്രകാശ താരകം

അൻവർ കാരേപറമ്പ്

# ആകാശമിറങ്ങി വന്ന സൂര്യൻ

ഒരു ദിവസം രാത്രി ഖദീജമോൾ ഒരു മാന്ത്രികസ്വപ്നം കണ്ടു. ആകാശത്ത് ശോഭയുള്ള സൂര്യൻ തെളിഞ്ഞുനിൽക്കുന്നു. പൊടുന്നനെ ആ സൂര്യൻ വിണ്ണിൽ നിന്നു മണ്ണിലേക്കിറങ്ങി വരുന്നതു പോലെഅവൾക്കു തോന്നി. അത് മെല്ലെ തന്റെ മടിയിലേക്കാണ് ഊർന്നുവീണത്! ആ വെളിച്ചത്തിൽ ലോകം മുഴുവൻ പ്രകാശിച്ചു. ഭൂമി നിറയെ വെളിച്ചം! വീട് നിറയെ വെളിച്ചം! എങ്ങും വെളിച്ചം!

സ്വപ്നത്തിന്റെ സന്തോഷത്തിൽ ഞെട്ടിയുണർന്ന ഖദീജക്ക് അത്ഭുതമായി. 'എന്താണ് ഇത്ര മനോഹരമായ സ്വപ്നം കാണാൻ കാരണം? ഇത് വരാനിരിക്കുന്ന എന്തെങ്കിലും ഭാഗ്യത്തിന്റെ സൂചനയാണോ?' ആ കുഞ്ഞുമനസ്സിൽ ചിന്തകൾ നിറഞ്ഞു. അവൾക്കു പിന്നെ ഉറക്കം വന്നില്ല. നേരം വെളുത്തിട്ടു വേണം ഉമ്മയോട് ഈ സ്വപ്നം പറയാൻ!

നേരം വെളുത്ത ഉടനെ ഖദീജമോൾ ഉമ്മയുടെ അടുത്തേക്കോടി.

'ഉമ്മാ, ഇന്നലെ ഞാനൊരു സ്വപ്നം കണ്ടു!'

'എന്താണത്?' ഉമ്മ സ്നേഹത്തോടെ ചോദിച്ചു.

'നല്ല തിളക്കമുള്ളൊരു സൂര്യൻ ആകാശത്തു



നിന്ന് എന്റെ മടിയിൽ വീണു. നമ്മുടെ വീടും ഈ ലോകം മുഴുവനും അപ്പോൾ വെളിച്ചം നിറഞ്ഞു.'

അതു കേട്ട് അല്പനേരം ആലോചിച്ച് ഉമ്മ പറഞ്ഞു: 'കേട്ടിട്ട് ഇതൊരു വെറും സ്വപ്നമല്ല. ഇതിനെന്തെങ്കിലും വലിയ അർത്ഥമുണ്ടാകും. മോളേ, നമുക്ക് ഇതിനെക്കുറിച്ച് അമ്മാവൻ വറഖയോട് ചോദിക്കാം. ഈ സ്വപ്നത്തിന്റെ യഥാർത്ഥ അർത്ഥം അദ്ദേഹത്തിനറിയുമായിരിക്കും.'

ഖദീജ, അമ്മാവൻ വറഖതുബ്നു നൗഫലിന്റെ വീട്ടിലേക്ക് പോയി. വറഖയെ



അവൾക്ക് നന്നായിയറിയാം. വലിയ ജ്ഞാനിയാണ്. പഴയ വേദഗ്രന്ഥങ്ങളെക്കുറിച്ചെല്ലാം അദ്ദേഹത്തിന് നല്ല അറിവുണ്ട്. വിഗ്രഹാരാധനകളിൽ നിന്നൊഴിഞ്ഞുനിന്ന്, ഏകനായ ദൈവത്തെ മാത്രം ആരാധിക്കുന്ന വ്യക്തിയാണദ്ദേഹം. 'വിഗ്രഹങ്ങളൊന്നും ആരാധിക്കേണ്ട വസ്തുക്കളല്ല' എന്ന് ആദ്യമായി പറഞ്ഞു തന്നതും അദ്ദേഹമാണല്ലോ!

ഖദീജമോൾ വറഖയുടെ വീട്ടിലെത്തിയപ്പോൾ, ഒരു പുരാതനഗ്രന്ഥം വായിക്കുകയായിരുന്നു അദ്ദേഹം. അനന്തരവളെ കണ്ടപ്പോൾ 'എന്തേ' എന്നർത്ഥത്തിൽ തലയുയർത്തി വാത്സല്യത്തോടെ നോക്കി. ഖദീജ താൻ കണ്ട സ്വപ്നം വിവരിച്ചു. അതുകേട്ട വറഖയുടെ മുഖം സന്തോഷത്താൽ തിളങ്ങി.

'ഹാ, ചന്ദ്രശോഭയുള്ള മോളേ! നീ എത്ര ഭാഗ്യവതി! വെളിച്ചത്തിന്റെ നാഥൻ നിന്നെ പരിശുദ്ധയാക്കിയിരിക്കുന്നു. പ്രവാചകത്വത്തിന്റെ വെളിച്ചം നിന്റെ വീട്ടിലേക്കെത്തും. അന്ത്യപ്രവാചകർ നിന്റെ മടിയിലേക്ക് വിരുന്നെത്തും.'

ഖദീജയുടെ ഹൃദയം കുളിർത്തു. 'ഇതു സത്യമെങ്കിൽ ഞാൻ വലിയ ഭാഗ്യവതി തന്നെ!' അവൾ സ്വയം മന്ത്രിച്ചു.

അവൾ നിഷ്കളങ്കമായി

## ജൈവവളം

ഇലകൾ ആദ്യം തളിരില
തളിരില മൂത്താൽ പച്ചില
പച്ചില മൂത്താൽ പഴുത്തില
പഴുത്തില പിന്നെ കരിയില.

കരിയില കത്തിച്ചാൽ കിട്ടും
ചാരം നല്ലൊരു ജൈവവളം.
ചാരം വളമായ് നൽകീടിൽ
ചെടികൾ നന്നായ്
വിളവു തരും.

സലാം തിരുമല

ചോദിച്ചു: 'അമ്മാവാ, എന്താണ് പ്രവാചകത്വത്തിന്റെ വെളിച്ചം?'

'മോളേ ഭൂമിയിലേക്കെത്തുന്ന അല്ലാഹുവിന്റെ ദൂതനാണത്. അവസാനത്തെ പ്രവാചകൻ. ഞാനിപ്പോൾ വായിക്കുന്ന ഗ്രന്ഥത്തിൽ ഒരു പ്രവാചകനെക്കുറിച്ച് പറയുന്നുണ്ട്. ചിന്തിച്ചു നോക്കുമ്പോൾ ആ പ്രവാചകൻ വരാൻ സമയമടുത്തിട്ടുണ്ട്. എന്റെ കാലം കഴിയും മുമ്പ് ആ പ്രവാചകൻ വരുമോ എന്ന ചിന്തയിലായിരുന്നു ഞാൻ. നീ കണ്ട സ്വപ്നം സത്യമെങ്കിൽ, ആ പ്രവാചകന്റെ വരവടുത്തിരിക്കുന്നു. ആ പ്രവാചകൻ നിന്റെ മടിയിലേക്കെത്തും. നിന്നെ വിവാഹം കഴിക്കും.'

ഖദീജയുടെ സന്തോഷം ഇരട്ടിച്ചു. 'അവസാനത്തെ പ്രവാചകൻ വരുമെന്ന് അമ്മാവൻ പലതവണ പറയുന്നതു കേട്ടിട്ടുണ്ട്. ആ പ്രവാചകൻ വന്ന് തന്നെ സ്വീകരിക്കുന്നത് അവൾ സ്വപ്നം കണ്ടു. ഹായ്, എത്ര മധുരമുള്ള ദിവസങ്ങളായിരിക്കും അത്!'

വറഖ ഒരു സാധാരണക്കാരനല്ലെന്ന് ഖദീജക്കറിയാം. പണ്ഡിതനാണ്. അദ്ദേഹത്തിന്റെ വാക്കുകൾ സത്യമാകാതിരിക്കില്ല. ഖദീജയുടെ സ്വപ്നങ്ങൾക്ക് ചിറകു മുളച്ചുതുടങ്ങി. അന്ത്യപ്രവാചകന്റെ ഭാര്യയാകുന്നത് അവൾ മനസ്സിൽ കണ്ടു. ലഭിക്കുന്ന സൗഭാഗ്യങ്ങളെല്ലാം ഈ സ്വപ്നത്തിന്റെ ഭാഗമാണെന്നു കരുതി അവൾ മോഹക്കൊട്ടാരം പണിതു.

Current Affairs

## ഏഷ്യകപ്പിൽ ഇന്ത്യൻമുത്തം

ഏഷ്യകപ്പ് ട്വന്റി20 ക്രിക്കറ്റ് ചാംപ്യൻഷിപ്പിൽ ഇന്ത്യ ജേതാക്കളായി. ദുബായിൽ നടന്ന ഫൈനലിൽ പാക്കിസ്ഥാനെ 5 വിക്കറ്റിനു കീഴടക്കിയാണ് സൂര്യകുമാർയാദവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യ കിരീടം സ്വന്തമാക്കിയത്. അർധസെഞ്ചറിയോടെ ഇന്ത്യയെ വിജയത്തിലേക്കു നയിച്ച തിലക് വർമയാണ് ഫൈനലിലെ താരം.

## വർക്കല പൈതൃകതീരം



യുനെസ്കോയുടെ ലോക പൈതൃകകേന്ദ്രങ്ങളുടെ പട്ടികയിലേക്കുള്ള സാധ്യതാ പട്ടികയിൽ വർക്കല കുന്നുകളെ ഉൾപ്പെടുത്തി. രാജ്യത്തെ 7 പ്രധാന പരിസ്ഥിതി മേഖലകളെയാണു സാധ്യതാപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, ജിയോ ഹെറിറ്റേജ് കേന്ദ്രങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയവയാണ് സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട 7 കേന്ദ്രങ്ങളും.

## പെരിയാറിൽ പുതിയ ജീവികൾ

പെരിയാർ കടുവസങ്കേതത്തിൽ നടന്ന വാർഷിക സമഗ്ര ജന്തുജാല വിവരശേഖരണത്തിൽ 12 പുതിയയിനം ജീവികളെ കൂടി കണ്ടെത്തി. എട്ടിനം ചിത്രശലഭങ്ങൾ, രണ്ടിനം പക്ഷികൾ, രണ്ടിനം തുമ്പികൾ എന്നിവയാണ് പെരിയാറിലെ ജൈവവൈവിധ്യത്തിലേക്ക് കൂട്ടിച്ചേർക്കപ്പെട്ട പുതിയ ജീവികൾ.

## കുതിച്ചുയർന്ന് 'അഗ്നി'

റെയിൽ അധിഷ്ഠിത മൊബൈൽ ലോഞ്ചറിൽ നിന്ന് അഗ്നി മിസൈൽ ഇന്ത്യ വിജയകരമായി വിക്ഷേപിച്ചു. 2000 കിലോമീറ്റർ ദൂരപരിധിയുള്ള വരുംതലമുറ അഗ്നിപ്രൈം മിസൈലാണ് ഇന്ത്യൻ പ്രതിരോധ ഗവേഷണ വികസന സ്ഥാപനം പരീക്ഷിച്ചത്. ദേശീയ റെയിൽവേ ശൃംഖലയുമായി യോജിപ്പിച്ച് പ്രത്യേകം രൂപകല്പനചെയ്ത പ്ലാറ്റ്ഫോമിൽ നിന്നുള്ള ആദ്യ വിക്ഷേപണമാണിത്. ഇതോടെ, റെയിൽശൃംഖലയിൽനിന്ന് വിക്ഷേപിക്കാവുന്ന കാനിസ്റ്ററൈസ്ഡ് ലോഞ്ച് സിസ്റ്റം വികസിപ്പിച്ച രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ അംഗമായി.


മിസ്റ്റർ
മണ്ടപ്പൻ
അപ്പന്മാർ എങ്ങോട്ടാ ബസ്സിൽ?
ഉദ്ഘാടന പരിപാടിയുണ്ട്.
ഹ ഹ! പുതിയ വല്ല ഹോട്ടലുമായിരിക്കും അല്ലേ?
ങ്ഹേ, ങ്ഹാ?
എന്നാലും ഇയാളെങ്ങനെ അറിഞ്ഞു?
ജനങ്ങളുടെ കണ്ണിൽ നമ്മൾ വെറും ഭക്ഷണപ്രിയർ മാത്രമാണ് മച്ചൂ.
യാഥാർത്ഥ്യം അതു തന്നെയല്ലേ അണ്ണേ?


കാലങ്ങൾക്കുശേഷം അപ്പന്മാർ ബസ്സിലേക്ക്.
കറക്റ്റ് സമയത്ത് എത്തിയല്ലോ.
ബസ്സിനകത്ത്
ബസ്സിൽ യാത്ര ചെയ്ത കാലം മറന്നു.
അതെയതെ!
മുന്നിലിരിക്കുന്ന ആ മങ്കിച്ചേട്ടനെ കണ്ടിട്ട് എന്തോ ഒരു...
പന്തികേട് ഉണ്ടെന്നല്ലേ? എനിക്കത് മുമ്പേ തോന്നി.
കുറച്ചു കഴിഞ്ഞപ്പോൾ,
എനിക്കിവിടെ ഇറങ്ങണം.
ങേ!
ഇവിടെ സ്റ്റോപ്പില്ല ഭായ്!
എനിക്ക് മൂത്രമൊഴിക്കാനാണ്


ശല്യം! ജനങ്ങളെ ബുദ്ധിമുട്ടാക്കാൻ ഓരോ അലവലാതികൾ!
എന്തോ തരികിടയുണ്ടല്ലോ?
ബസ് അൽപദൂരം സഞ്ചരിച്ചപ്പോൾ,
ഹയ്യോ! മോഷ്ടിച്ചേ!
ങേ! എന്തു മോഷ്ടിച്ചെന്നാ?
എന്റെ കഴുത്തിലെ മാല കാണുന്നില്ല.
ഇപ്പോഴാണ് പിടി കിട്ടിയത്; മാലയെടുത്ത് മൂത്രമൊഴിക്കാൻ ഇറങ്ങിയ ആ മങ്കിച്ചേട്ടൻ തന്നെയാകും.
സ്റ്റോപ്പ് പ്ലീസ്!


ങീ ഹയ്യോ!
ചേച്ചീ, ഡോണ്ട് വറി. മാല കണ്ടെത്തിത്തരുന്ന കാര്യം ഞങ്ങൾ ഏറ്റു.
എങ്ങനെ ഏറ്റെന്നാ അണ്ണേ?
അതൊക്കെ യുണ്ട് മച്ചൂ.
മോഷ്ടിക്കപ്പെട്ട മാല തിരിച്ചു തരുന്ന കാര്യം അപ്പന്മാർ ഏറ്റ സ്ഥിതിക്ക് നമുക്ക് യാത്ര തുടരാമല്ലോ.
ങേ?
അണ്ണേ, ആ മാല നമ്മൾ എങ്ങനെ കണ്ടെത്താനാണ്?
അതൊക്കെ ഏമാന്മാരെ ഏൽപ്പിക്കാമെന്നേ. സമയത്തിന് എത്തിയില്ലെങ്കിൽ നമ്മുടെ ഉദ്ഘാടന പരിപാടി കുളമാകും.
അപ്പന്മാർ ബസ്സിറങ്ങിയപ്പോൾ,
ചേച്ചീ, മാല ഇന്ന് വൈകീട്ടു തന്നെ ചേച്ചിയുടെ കൈയിൽ കിട്ടിയിരിക്കും.
ങ്ഹും! കിട്ടിയതു തന്നെ.
ടൗണിൽ മറ്റൊരിടത്ത്,
കോളടിച്ചു; പവന് ഒരു ലക്ഷമാ വില.



മാല അഞ്ചു പവനെങ്കിലും തൂക്കം കാണും. ഈ ജ്വല്ലറിയിൽ തന്നെ വിറ്റു പണം വാങ്ങാം.
തത്സമയം അപ്പന്മാർ,
മച്ചൂ, നമുക്ക് ഉദ്ഘാടനം ചെയ്യാനുള്ള ഹോട്ടൽ എവിടെയായിട്ടു വരും?
ആർക്കറിയാം അണ്ണേ!
ലൊക്കേഷൻ നോക്കിയാലോ?
രാധാസ് ജ്വല്ലറിയുടെ പിറകുവശത്തോ?
അപ്പോൾ അക്കാണുന്ന ജ്വല്ലറി തന്നെ.
ഇതുതന്നെ സ്ഥലം. പക്ഷേ, ഇവിടെ ഉദ്ഘാടനം നടക്കുന്ന ലക്ഷണമൊന്നും ഇല്ലല്ലോ!
നമുക്ക് ജ്വല്ലറിയിൽ ഒന്ന് അന്വേഷിക്കാം.
ജ്വല്ലറിയിൽ കയറാൻ പണം വല്ലതും വേണ്ടി വരുമോ?



അപ്പന്മാർ ജ്വല്ലറിക്കകത്തേക്ക്,
ങേ! അപ്പന്മാരല്ലേ വരുന്നത്; വേഗം രക്ഷപ്പെടാം.
കള്ളൻ! പിടിയവനെ.
വൈകാതെ ഏമാന്മാർ സ്ഥലത്ത്,
വെൽ ഡൺ! അപ്പന്മാരേ.
അണ്ണന്റെ ആ കോൺഫിഡൻസ് ലെവൽ അപാരം തന്നെ.
അതാണ് മച്ചൂ ഭാഗ്യം എന്നൊക്കെ പറയുന്നത്.
അപ്പന്മാർ വന്നതുകൊണ്ട് ഞങ്ങളും രക്ഷപ്പെട്ടു.
ങ്ഹേ?
തൊണ്ടി മാല വരെ കിട്ടിയിട്ടും ഉദ്ഘാടനം ചെയ്യാനുള്ള ഹോട്ടൽ കിട്ടിയില്ലല്ലോ!
ഹ ഹ! തിരച്ചിൽ തുടരും

അശ്റഫലി തിരൂർക്കാട്

**കു**ന്നിമണിക്കാട്ടിൽ ഉത്സവമാണ്. കൂട്ടുകാരെല്ലാം കളിച്ചും ചിരിച്ചും ആടിയും പാടിയും ഉത്സവം ആഘോഷിക്കുകയാണ്. ആ ബഹളമെല്ലാം കേട്ട് അടുത്തുള്ള കുന്നിൻ മുകളിൽ കൊതിയോടെ തക്കം പാർത്തിരിക്കയാണ് ചെമ്പൻകുറുക്കൻ.

# മിന്നുവിന്റെ കൗശലം

വിശന്നു വലഞ്ഞ ചെമ്പൻ ഉത്സവം കഴിഞ്ഞു മടങ്ങുന്ന ചിന്നുമുയലിനെ പിടിക്കാൻ പതുങ്ങിയിരുന്നു. അടുത്തെത്തിയതും ചെമ്പൻ ചാടി വീണു ചിന്നുവിനെ പിടികൂടി.

'രണ്ടു ദിവസമായി വല്ലതും കഴിച്ചിട്ട്. തല്ക്കാലം നീ മതി.' ചെമ്പൻ പറഞ്ഞു.

ചിന്നു കരയാൻ തുടങ്ങി: 'അയ്യോ രക്ഷിക്കണേ, എന്റെ കുഞ്ഞുങ്ങൾക്ക് ആരുമില്ലാതായേ.'

കരച്ചിൽ കേട്ട് ഉടനെ അവിടെ പറന്നെത്തിയ മിന്നുക്കാക്ക ചെമ്പനോട് പറഞ്ഞു: 'ചിന്നുവിനെ വെറുതെ വിടൂ ചെമ്പാ, അവളെ തിന്നാൽ നിന്റെ വിശപ്പ് മാറില്ലല്ലോ.'

അതുകേട്ട് ചെമ്പൻ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു: 'അതു പറയാൻ നീയാരാ? ഇവൾ മാത്രമല്ല; ഇന്നു മുതൽ കാട്ടിലെ ഓരോരുത്തരും എന്റെ ഭക്ഷണമാകാനിരിക്കുകയാണ്.'

ഇതുകേട്ട മിന്നുക്കാക്ക പറഞ്ഞു: 'ചെമ്പൻചേട്ടൻ ഈ കാട്ടിലെ മന്ത്രികപ്പഴം കഴിച്ചിട്ടുണ്ടോ?'

ചെമ്പൻ ആശ്ചര്യത്തോടെ ചോദിച്ചു: 'മന്ത്രികപ്പഴമോ? ഇല്ലല്ലോ. എവിടെയാണത്?'

'ചിന്നുവിനെ വിട്ട് എന്റെ കൂടെ വരൂ. ഞാൻ കാണിച്ചു തരാം. വേണമെങ്കിൽ പറി

ച്ചും തരാം.’ മിന്നു പറഞ്ഞു.

മന്ത്രികപ്പഴം കഴിക്കാൻ കൊതി മൂത്ത ചെമ്പൻ ചിന്നുവിനെ വിട്ട് മിന്നുവിനു പിറകെ ധൃതിയിൽ നടന്നു.

അല്പം നടന്നപ്പോൾ വലിയൊരു മരം കണ്ടു.

മിന്നു പറഞ്ഞു: ‘ഈ മരത്തിനു മുകളിലാണ് പഴമുള്ളത്. ഞാൻ പറിച്ചു തരാം.’




ആർത്തി മൂത്ത ചെമ്പൻ മിന്നു കൊത്തിയിട്ട പഴം എന്താണെന്നു പോലും നോക്കാതെ ചാടിവീണു. വലിയൊരു കടന്നൽക്കൂടായിരുന്നു അത്. കടന്നൽ കുത്തേറ്റ ചെമ്പൻ ആർത്തുവിളിച്ച് തന്റെ ഗുഹയിലേക്കോടി.

പിന്നീടൊരിക്കലും ചെമ്പൻ ആ കാട്ടിൽ വന്നിട്ടില്ല. തന്നെയും കൂട്ടുകാരെയും രക്ഷിച്ച മിന്നുവിന് നന്ദി പറയാനും അവളുടെ കൗശലത്തെ പ്രശംസിക്കാനും ചിന്നു മറന്നില്ല.


## വഴി കാണിക്കാമോ?

പാമ്പിൻകുഞ്ഞ്
ഇര തേടിപ്പോയി
തിരിച്ചുവരുമ്പോൾ
മാളത്തിലേക്കുള്ള
വഴി മറന്നുപോയി.
മാളത്തിലെത്താൻ
കൂട്ടുകാർ
സഹായിക്കാമോ?




## എണ്ണമെഴുതാം

താറാവുകളുടെ ആകെ എണ്ണം വൃത്തത്തിലെഴുതൂ...
ഒറ്റപ്പെട്ടവരെ വൃത്തത്തിലാക്കുകയും വേണം



## വരയ്ക്കാൻ പഠിക്കാം



## വ്യത്യാസങ്ങൾ കണ്ടെത്താമോ?


ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?





## നിറം നൽകാം

ചിത്രത്തിന് അനുയോജ്യമായ നിറം നൽകൂ.



# പദപ്രശ്നം 1

| | | | | | |
|---|---|---|---|---|---|
| 6 | 5 ജ | | | 3 | 9 |
| 1 | | | 8 | | ഞ്ച |
| | | 7 | | | |
| | 4 | | | | |
| | 2 ജാ | | ഖ | | |

**വലത്തോട്ട്**

1. എവറസ്റ്റ് കൊടുമുടി സ്ഥിതി ചെയ്യുന്ന രാജ്യം? (3)

2. അടുത്തിടെ അന്തരിച്ച ഷിബു സോറൻ ഏതു സംസ്ഥാനത്തിന്റെ മുൻമുഖ്യമന്ത്രിയാണ്? (4)

4. ബ്ലൂഡെത്ത് (നീലമരണം) എന്നറിയപ്പെടുന്ന രോഗം? (3)

5. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ആസ്ഥാന നഗരം? (3)

6. കഴുത്തിന്റെ ഭാഗം ഇടുങ്ങിയതും താഴെ വീതി കൂടിയതുമായ മൺപാത്രത്തിനു പറയുന്ന പേര്? (2)

7. കേരളത്തിലെ ആദ്യ തുരങ്കപാത? (4)

**പദപ്രശ്നം പൂരിപ്പിച്ച ശേഷം പേജിന്റെ ഫോട്ടോ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുക.**

**അവസാന തീയതി: നവംബർ 12**

**താഴോട്ട്**

1. കർണാടകയിലെ മംഗലാപുരത്തിനടുത്ത് അറബിക്കടലിൽ ചേരുന്ന ഒരു നദി (4)

3. മിന്നൽപ്രളയത്തെ തുടർന്ന് ഒലിച്ചുപോയ ധാരാലിഗ്രാമം ഏതു സംസ്ഥാനത്തിലാണ്? (5)

5. ഹിരോഷിമ, നാഗസാക്കി നഗരങ്ങൾ സ്ഥിതിചെയ്യുന്ന രാജ്യം? (3)

8. ഭാര്യ ഭർത്താവിന്റെ ചിതയിൽ ചാടി ആത്മാഹുതി ചെയ്യുന്ന ആചാരം അറിയപ്പെടുന്നത്? (2)

9. ഭൂമിയിലെ ഏറ്റവും ഉയരം കൂടിയ മൂന്നാമത്തെ കൊടുമുടി? (5)

## കടലിലെ കാലാകാരന്മാർ



1995ൽ ജപ്പാനിലെ മുങ്ങൽ വിദഗ്ധർ കടലിന്റെ അടിത്തട്ടിൽ, മണലിൽ മനോഹരമായ നിരവധി ജ്യാമിതീയവൃത്തങ്ങൾ നിർമിച്ചുവെച്ചിരിക്കുന്നത് കാണാനിടയായി. രണ്ടു മീറ്ററോളം നീളമുള്ള ഓരോ വൃത്തവും കൃത്യമായ ജ്യാമിതീയ അളവിൽ അതിവിദഗ്ധമായി നിർമിക്കപ്പെട്ടവയായിരുന്നു. എങ്ങനെയാണവ രൂപപ്പെട്ടതെന്നവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ഒരു പതിറ്റാണ്ടിനു ശേഷം അതിന്റെ നിർമാതാവിനെ കണ്ടെത്തി; 12 സെന്റീമീറ്റർ മാത്രം നീളമുള്ള, ശരീരത്തിൽ വെളുത്ത പുള്ളികളുള്ള ഒരിനം പഫർമത്സ്യങ്ങളാണ് അവയുണ്ടാക്കുന്നത്. ആൺമത്സ്യങ്ങൾ ഇണകളെ ആകർഷിക്കാൻ നിർമ്മിച്ച കൂടുകളാണവയെന്ന് പിന്നീട് കണ്ടെത്തി. ചിറകുകൾ ഉപയോഗിച്ച് ഒരാഴ്ചയോളം നീളുന്ന പരിശ്രമത്തിനൊടുവിലാണ് ആൺമത്സ്യങ്ങൾ ഈ കൂട് നിർമ്മിക്കുന്നത്. കൂടിൽ ആകൃഷ്ടരായി വരുന്ന പെൺമത്സ്യങ്ങൾ ആൺമത്സ്യവുമായി ഇണചേർന്നശേഷം ഈ കൂടിന്റെ ഒത്ത നടുവിൽ മുട്ടകളിടും.

സൗന്ദര്യത്തിൽ മാത്രമല്ല; കൂടിന്റെ ഘടനയിലും കാര്യമുണ്ടെന്ന് പിന്നീട് പഠനങ്ങളിൽ തെളിഞ്ഞു. പെൺമത്സ്യങ്ങൾ മുട്ടയിടുന്ന സ്ഥലത്ത് വെള്ളത്തിന്റെ ഒഴുക്ക് 25 ശതമാനം വരെ കുറയ്ക്കാൻ ഈ ജ്യാമിതീയഘടന സഹായിക്കുമെന്ന് വിദഗ്ധർ കണ്ടെത്തി. മുട്ടകൾ വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തിറങ്ങിയാൽ കൂടുപേക്ഷിച്ച് അവർ യാത്രയാകും. ദിവസങ്ങൾക്കകം ആ കൂട് അപ്രത്യക്ഷമാവുകയും ചെയ്യും.

# English Corner

**Story Line**

## The Reward of Kindness



There lived a poor boy in a village. He used to sell newspapers to earn money to pay his school fees. One day, he was hungry and went to the neighbouring houses in search of food. He asked many people but was disappointed. Finally, a girl gave him a glass of milk. She did not take any money for it.

Years later, the girl fell ill. When all the treatments in the village failed, she went to see the best doctor in the city. The doctor admitted her in the hospital. After months of treatment, she recovered. When she asked for the hospital bill, she received a piece of paper. It read: 'The glass of milk you gave me that day is the

# കരുണയുടെ പ്രതിഫലം



reward for this.'

Lesson: All acts of kindness will be rewarded accordingly.

ഗ്രാമത്തിൽ പാവപ്പെട്ട ഒരു ബാലൻ ജീവിച്ചിരുന്നു. പത്രം വിറ്റായിരുന്നു അവൻ സ്കൂളിലെ ഫീസ് അടയ്ക്കാനും മറ്റും പണം കണ്ടെത്തിയിരുന്നത്. ഒരു ദിവസം, വിശന്നുവലഞ്ഞ അവൻ ഭക്ഷണം തേടി അയൽപക്കത്തുള്ള വീടുകളിൽ ചെന്നു. പലരോടും ചോദിച്ചെങ്കിലും നിരാശയായിരുന്നു ഫലം. ഒടുവിൽ ഒരു പെൺകുട്ടി അവന് ഒരു ഗ്ലാസ് പാൽ നൽകി. അതിനവൾ പണം വാങ്ങിയില്ല.

വർഷങ്ങൾക്കു ശേഷം, ആ പെൺകുട്ടിക്ക് ഒരു അസുഖം വന്നു. ഗ്രാമത്തിലുള്ള ചികിത്സകളൊന്നും ഫലിക്കാതായപ്പോൾ അവൾ നഗരത്തിലെ ഏറ്റവും മികച്ച ഡോക്ടറെ ചെന്നു കണ്ടു. ഡോക്ടർ അവരെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. മാസങ്ങൾ നീണ്ട ചികിത്സക്കുശേഷം അസുഖം ഭേദമായി. ആശുപത്രിയിലെ ബിൽ ചോദിച്ചപ്പോൾ അവൾക്കു ലഭിച്ചത് ഒരു തുണ്ടുകടലാസാണ്. അതിൽ ഇങ്ങനെ എഴുതിയിരുന്നു: 'അന്ന് നിങ്ങൾ തന്ന ഒരു ഗ്ലാസ് പാൽ തന്നെയാണ് ഇതിനുള്ള പ്രതിഫലം.'

ഗുണപാഠം: കാരുണ്യപ്രവൃത്തികൾക്കെല്ലാം തക്ക പ്രതിഫലം ലഭിക്കും.

# Tenses

## 10. Future Continuous Tense

The future continuous tense is used to suggest that something is about to happen or will happen at some time that is not clear or precise.

### Structure

**Subject + Helping verbs (will + be) + present participle form of the verb + the rest of the sentence.**

### Positive

- Balu will be performing at the International event in Australia.

### Negative

- Balu will not be performing at the International event in Australia.
- Balu won't be performing at the International event in Australia.

### Interrogative

- Will Balu be performing at the International event in Australia?

### Negative Interrogative

- Will Balu not be performing at the International event in Australia?
- Won't Balu be performing at the International event in Australia?


## Uses of Future Continuous Tense

- **Denoting an action that takes place at a point of time in the future**
  *Eg: I will be fishing in the pond at 4:30 p.m. tomorrow.*
- **Expressing an action that will take place over a period of time and not all at once**
  *Eg: The judges will be announcing the winners of the competition at 5 pm on Tuesday.*
- **Comparing between the present and the future**
  *Eg: This time next month, we will be travelling to Agra.*
- **Indicating more than one action taking place at the same time in the future**
  *Eg: Sheena told me that she cannot make it to the reception tomorrow because she will be travelling to Bangalore.*

**Poem**


# *Animals and babies*

I'm a pup, a baby dog,
I play and bark with my mother.
I'm a kid, a baby goat,
I play and bleat with my mother.
I'm a calf, a baby cow,
I play with and moo with my mother.
I'm a cub, a baby lion,
I play and roar with my mother.



**Salam Thirumala**


Master
Imitable
Adil and Rizwan were walking to the school.
Wow! Who is passing on that bike?
I didn't get them really.
Bike stopped far in front of them.
Look, they stopped there.
Be careful Rizwan.
Hi friends, come on here.
Here are some variety sweets for you.
Is it something harmful?
Share to your friend too.
Okay. Thanks.
How friendly they are!



Adil, they gave me many varieties of sweets.
Is it candies?
Hey! I could never see these kinds of sweets.
Please, don't eat it. It may be something intoxicating. Let's meet headmaster and speak.
Both are at school office
Sir, we have some sweets given by two bikers on the way to school.
Let me look it.
Here it's.
Oh my God! These are intoxicating candies!
Alas! Allah saved us!
In the school assembly,
Dear children, Be careful on drugs! Don't taste anything given by strangers.
Yes, sir. We never do that.

# WORD PUZZLE

Read the story
'The reward of kindness'
find the underlined words and try to find out its meaning.

| | | | | | | |
|---|---|---|---|---|---|---|
| V | I | L | L | A | G | E |
| A | E | G | S | L | I | A |
| K | B | L | A | E | R | R |
| L | G | S | P | B | L | N |
| I | S | F | O | O | D | L |
| M | O | N | E | Y | E | A |
| P | U | R | E | P | A | P |

## Name me



N



N



N

ANS: Nose, Nest, Nurse

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | | | | | | | 8 | |
| 3 | | | | 6 | 4 | 9 | | 2 |
| 6 | 1 | | | 2 | 8 | 5 | 7 | |
| | | 3 | 2 | | | | 6 | |
| | 6 | 7 | 8 | | | 2 | | |
| | | 2 | 7 | | | 1 | 3 | 9 |
| | 8 | 6 | | | | | 5 | |
| | 3 | | | | | 7 | | 4 |
| | | | 3 | 1 | 9 | 6 | | |

## Sudoku

ANSWER
**2025 October Issue**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 8 | 7 | 4 | 1 | 9 | 3 | 6 | 2 |
| 2 | 1 | 9 | 3 | 5 | 6 | 8 | 7 | 4 |
| 4 | 6 | 3 | 2 | 8 | 7 | 9 | 5 | 1 |
| 7 | 2 | 1 | 9 | 6 | 8 | 5 | 4 | 3 |
| 6 | 5 | 8 | 7 | 3 | 4 | 1 | 2 | 9 |
| 9 | 3 | 4 | 1 | 2 | 5 | 7 | 8 | 6 |
| 3 | 7 | 5 | 6 | 4 | 1 | 2 | 9 | 8 |
| 8 | 4 | 2 | 5 | 9 | 3 | 6 | 1 | 7 |
| 1 | 9 | 6 | 8 | 7 | 2 | 4 | 3 | 5 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**